**സബ്മിഷൻ**

മി. ചെയർമാൻ: ഇന്ന് 14 സബ്മിഷനുകളാണ് ലിസ്റ്റ് ചെയ്തിട്ടുള്ളത്. കൂടാതെ അഡീഷണൽ ലിസ്റ്റിൽ 23 സബ്മിഷനുകൾ കൂടിയുണ്ട്. ബഹുമാനപ്പെട്ട മന്ത്രിമാർ അതിനുള്ള മറുപടി എം.എൽ.എ. മാർക്ക് നേരിട്ട് നൽകുകയോ അല്ലെങ്കിൽ സ്പീക്കറുടെ ഓഫീസിൽ ഏൽപ്പിക്കുകയോ ചെയ്യേണ്ടതാണ്. അംഗങ്ങൾ തന്നിട്ടുള്ള എല്ലാ വിഷയങ്ങളും പ്രധാനപ്പെട്ടതാണ്. എന്നാൽ ഇവയെല്ലാം ഉൾപ്പെടുത്താൻ പ്രയാസമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ചെയറുമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീസംയോജനം

പ്രതിപക്ഷ നേതാവ് (ശ്രീ വി. എസ്. അച്ചുതാനന്ദൻ): സർ, കേരളത്തിലെ ജനജീവിതം ദുരിതത്തിലാക്കുന്ന പമ്പ-അച്ചൻകോവിൽ-വൈപ്പാർ സംയോജന പദ്ധതി നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ നടപടി തുടങ്ങിയിരിക്കുന്നു. തമിഴ് നാടിന് ഗുണകരവും കേരളത്തിലെ ആവാസവ്യവസ്ഥയെ ദുർബലപ്പെടുത്തുന്നതുമായ പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ദേശീയ ജലവികസന ഏജൻസി ഉദ്യോഗസ്ഥർ കേരളത്തിൽ ഈമാസം എത്തുമെന്നാണ് അറിയാൻ കഴിയുന്നത്. രാജ്യത്തെ 30 നദീ സംയോജന പദ്ധതികളിലൊന്നാണ് പമ്പ-അച്ചൻകോവിൽ-

വൈപ്പാർ. കേന്ദ്ര ബഡ്ജറ്റിൽ 100 കോടിരൂപ ഇതിനായി മാറ്റിവച്ചിരിക്കുകയാണ്. പമ്പയിലും അച്ചൻകോവിലിലും അധിക ജലമുണ്ടെന്നും അത് വൈപ്പാറിലേയ്ക്ക് ഒഴുക്കാമെന്നും ദേശീയ ജല വികസന അതോറിറ്റി നൽകിയിരുന്ന റിപ്പോർട്ടിനെത്തുടർന്നാണ് കേന്ദ്ര സർക്കാർ ഈ പദ്ധതി ആവിഷ്കരിച്ചത്. വളരെയേറെ ഒച്ചപ്പാടുകൾ ഉണ്ടാക്കിയതിനെത്തുടർന്ന് ഉപേക്ഷിച്ചുവെന്ന് കരുതിയ നദീജല സംയോജന പദ്ധതിയാണ് കേന്ദ്ര സർക്കാർ വീണ്ടും പൊടിതട്ടി എടുത്തിരിക്കുന്നത്. പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതിയോടുള്ള ശക്തമായ വിയോജിപ്പ് കേരള സർക്കാർ രേഖപ്പെടുത്തിയിരുന്നതാണ്. കേരള നിയമസഭയും ഇക്കാര്യത്തിൽ ഏകകണ്ഠമായി പ്രമേയം പാസ്സാക്കിയിരുന്നതുമാണ്. നദീസംയോജന പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സുപ്രീം കോടതിയിൽ ഫയൽ ചെയ്ത പൊതുതാല്പര്യ ഹർജിയിൽ 2012 ഫെബ്രുവരി 7-ന് അനുകൂലമായ വിധി സമ്പാദിച്ചുകൊണ്ടാണ് വീണ്ടും ഈ പദ്ധതിയുമായി കേന്ദ്ര സർക്കാർ നടപടി ആരംഭിച്ചിരിക്കുന്നത്. പ്രസ്തുത വിധിന്യായത്തിൽ കേരളത്തിന്റെ പടിഞ്ഞാറോട്ടൊഴുകുന്ന നദികൾ ഗതി തിരിച്ചുവിടുന്ന കാര്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ കേസിന്റെ നടത്തിപ്പിലും അതുപോലെതന്നെ ഈ വിധിക്കെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിലും

കേരള സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പമ്പ-അച്ചൻകോവിൽ-വൈപ്പാർ പദ്ധതിയുമായി കേന്ദ്ര സർക്കാർ മുന്നോട്ടു പോകുമെന്ന് ഉറപ്പാണ്. മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിന് സംഭവിച്ച വീഴ്ച ഇക്കാര്യത്തിലും സംഭവിക്കാനുള്ള സാധ്യതകളുണ്ട്. കേരളത്തിന്റെ നാല് ഡാമുകളുടെ ഉടമസ്ഥതയും നടത്തിപ്പും തമിഴ് നാടിന് ലഭിച്ചതുപോലെ ഇക്കാര്യത്തിലും തമിഴ് നാടിന് അനുകൂലമായ തീരുമാനമുണ്ടാകാതിരിക്കുന്നതിന് നാം ജാഗ്രത കാട്ടണം. നേരത്തെ മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടിയിൽ നിലനിർത്തണമെന്ന കേരളത്തിന്റെ ആവശ്യം സുപ്രീം കോടതിയെ ബോധ്യപ്പെടുത്താനോ അത് നേടിയെടുക്കാനോ നമുക്ക് കഴിഞ്ഞില്ല. ഇപ്പോൾ ജലനിരപ്പ് 142 അടിയാക്കി ഉയർത്താൻ തമിഴ് നാടിന് കോടതി അനുമതി നൽകിയിരിക്കുകയാണ്. കേരളത്തിലെ അഞ്ച് ജില്ലകളെയും ആ ജില്ലകളിലെ 40 ലക്ഷത്തോളം വരുന്ന ജനങ്ങളെയും ഇല്ലാതാക്കുന്ന തീരുമാനമാണിത്. ഇതിനെതിരെ ഒന്നും ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇതേ ഗതിതന്നെ പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതിയുടെ കാര്യത്തിലും കേരളത്തിന് സംഭവിക്കുമെന്നും കേരളത്തിൽ അവശേഷിക്കുന്ന വെള്ളംപോലും തമിഴ് നാട് ഊറ്റിക്കൊണ്ട് പോകുമെന്നുമുള്ള കടുത്ത ആശങ്കയാണ് ഉണ്ടായിട്ടുള്ളത്. നദീസംയോജനം

നടപ്പായാൽ വേമ്പനാട് കായൽ മരിക്കുകയും കേരളത്തിന്റെ നെല്ലറയായ കുട്ടനാട് നശിക്കുകയും ചെയ്യും. അതുകൊണ്ട് കേരളത്തിലെ നദികളിലെ ജലം ഊറ്റിയെടുക്കുന്നതിനുള്ള തമിഴ് നാട് സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും നടപടിക്കെതിരെ കേരളം ഒറ്റക്കെട്ടായി ശക്തിയായി പ്രതികരിക്കണമെന്നും ഈ പദ്ധതി നടപ്പിലാക്കാതിരിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കണമെന്നും ഞാൻ ശക്തിയായി ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പമ്പ, അച്ചൻകോവിൽ നദികളിൽ നിന്നും വെള്ളം തിരിച്ചുകൊണ്ട് പോകാനുള്ള പദ്ധതിക്കെതിരെ കേരളം നാഷണൽ വാട്ടർ ഡെവലപ്മെന്റ് അതോറിറ്റിയുമായി നടത്തിയ ചർച്ചയിലും ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഉണ്ടായിരുന്ന കേസ്സിലും ശക്തമായ പ്രതിഷേധം അറിയിച്ചിരുന്നു. പദ്ധതി ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 11-ാം കേരള നിയമസഭയിൽ, അന്നത്തെ ജലവിഭവ വകുപ്പുമന്ത്രി ടി.എം. ജേക്കബ് അവതരിപ്പിച്ച പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കിയത് 2003 ആഗസ്റ്റ് മാസം 6-ാം തീയതിയാണ്. പ്രസ്തുത കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി 27-2-2012-ൽ അന്തിമവിധി പുറപ്പെടുവിക്കുകയുണ്ടായി. അതിൽ ജലം സംസ്ഥാന ഗവൺമെന്റിന്റെ അധികാര പരിധിയിലാണെന്നുള്ളതുകൊണ്ട് അതിലേയ്ക്ക്

കടക്കുന്നില്ലെന്ന് പറഞ്ഞുകൊണ്ട് ഇതിന്റെ സാധ്യത പരിശോധിക്കാൻ വേണ്ടി 'Special Committee on Interlinking of Rivers' എന്ന ഒരു കമ്മിറ്റി രൂപീകരിക്കാൻ സുപ്രീം കോടതി നിർദ്ദേശിച്ചു. നദീസംയോജനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ പ്ലാനിംഗ്, കൺസ്ട്രക്ഷൻ ആന്റ് ഇംപ്ലിമെന്റേഷൻ എന്നിവയ്ക്ക് വേണ്ടിയാണ് കോടതി ഇങ്ങനെയൊരു കമ്മിറ്റി നിർദ്ദേശിച്ചത്. കേന്ദ്ര ജലവിഭവ വകുപ്പ് മന്ത്രാലയത്തിന്റെ ഓഫീസ് മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചു. പമ്പ-അച്ചൻകോവിൽ-വൈപ്പാർ സംയോജന പദ്ധതി കേരളത്തിന് ഗുണകരമല്ലാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനെതിരെ കേരളം സാധ്യമായ വേദികളിലെല്ലാം ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനങ്ങളുടെ സമ്മതമില്ലാതെ മുന്നോട്ടുള്ള നടപടികൾ തുടങ്ങില്ലെന്ന് നാഷണൽ വാട്ടർ ഡെവലപ്മെന്റ് അതോറിറ്റി ഉറപ്പ് നൽകിയിട്ടുണ്ട്. 12-3-2013-ൽ കൂടിയ നാഷണൽ വാട്ടർ ഡെവലപ്മെന്റ് അതോറിറ്റിയുടെ 59-മത് യോഗത്തിന്റെ മിനിട്ട്സ് ഞാൻ വായിക്കാം. "................Representative of Tamil Nadu desire consensus of Kerala on Pampa-Achankovil-Vipar link. The Director General, N.W.D.A. mentioned that, Kerala Legislative Assembly has passed a resolution in its assembly to drop the link. Therefore

N.W.D.A. cannot do further studies without the consensus of both states."

രണ്ട് സംസ്ഥാനങ്ങളുടെയും അനുകൂലമായ നിലപാടില്ലാതെ ഞങ്ങൾക്ക് ഇതിനെക്കുറിച്ചുള്ള സ്റ്റഡിയുമായി മുന്നോട്ടുപോകാൻ പറ്റില്ലെന്ന് എൻ.ഡബ്ല്യൂ.ഡി.എ. ഡയറക്ടർ ജനറൽ ആ യോഗത്തിൽ പറഞ്ഞുവെന്നുള്ളത് ഈ മിനിട്ട്സിൽ പറഞ്ഞിട്ടുണ്ട്. മാത്രമല്ല, പമ്പ, അച്ചൻകോവിൽ എന്നീ രണ്ട് നദികൾ ഇൻട്രാ സ്റ്റേറ്റ് നദികൾ ആയതിനാൽ പൂർണ്ണ അധികാരം സംസ്ഥാനത്തിനാണ്. കേരളത്തിന്റെ സമ്മതത്തോടുകൂടി മാത്രമേ ഇതുപോലൊരു പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. വേമ്പനാട് കായലിൽ പതിക്കുന്ന 5 നദികളായ പമ്പ, അച്ചൻകോവിൽ, മീനച്ചിൽ, മണിമല, മൂവാറ്റുപുഴ നദികളെപ്പറ്റി സമഗ്രമായി പഠിച്ച് അധികജലം ഉണ്ടോയെന്ന് വിലയിരുത്താനായി കേരള ഗവൺമെന്റ് ചുമതലപ്പെടുത്തിയ സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റിന്റെ പഠനറിപ്പോർട്ടിൽ ഈ നദികളിൽ അധികജലം ഇല്ലെന്നും 2050-ാം വർഷത്തിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടാൻ സാധ്യതയുമുണ്ടെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പമ്പ-അച്ചൻകോവിൽ- വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിൽ വന്നാൽ പമ്പയും അച്ചൻകോവിൽ ആറും വറ്റിവരളുകയും മധ്യതിരുവിതാംകൂറിന്റെ പരിസ്ഥിതി സന്തുലനം തകരാറിലാവുകയും ചെയ്യുമെന്നും കേരളത്തിന്റെ നിബിഡ

വനവും തേക്കിൻ തോട്ടങ്ങളും കൃഷി സ്ഥലങ്ങളും ഉൾപ്പെടെ 2004 ഹെക്ടർ സ്ഥലം ജലത്തിനടിയിലാകുമെന്നും പമ്പ, അച്ചൻകോവിൽ നദികളിലെ ജലം തിരിച്ചുവിടുന്നതുമൂലം പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ പരിസ്ഥിതി പ്രത്യാഘാതവും കുടിവെള്ളക്ഷാമവും ഉണ്ടാകുമെന്നും ആ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരള സർക്കാർ, വേമ്പനാട് വെറ്റ് ലാന്റിന്റെ വാട്ടർ ബാലൻസ് സ്റ്റഡി നടത്താൻ ഡൽഹി ഐ.ഐ.ടി. യെ ചുതലപ്പെടുത്തിയിരുന്നു. ഡൽഹി ഐ.ഐ.ടി. നടത്തിയ സ്റ്റഡിയുടെ റിപ്പോർട്ട് നമുക്ക് ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിയാലുണ്ടാകുന്ന ഇക്കോളജിക്കൽ ഇംപാക്ടിനെപ്പറ്റി ആ റിപ്പോർട്ടിൽ വിശദമായി പറഞ്ഞിട്ടുണ്ട്. ഈ പദ്ധതിയെ ഒരു കാരണവശാലും കേരളത്തിന് അംഗീകരിക്കാൻ സാധിക്കില്ല, ഒരിക്കലും അംഗീകരിക്കുന്ന പ്രശ്നമില്ല. ഇത് പൂർണ്ണമായും നമ്മുടെ അധികാര പരിധിയിലാണെന്നുള്ളത് സംബന്ധിച്ച് വ്യക്തമായ ഉറപ്പ് വാങ്ങിയിട്ടുണ്ട്. ജലത്തിന്റെ കുറവുണ്ട്. അവിടെ അധിക വെള്ളമുണ്ടെന്ന് പറയുന്നത് ശരിയല്ല. എല്ലാ വിധത്തിലുള്ള സ്റ്റഡി റിപ്പോർട്ടുകളും തയ്യാറാക്കിവച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ കേന്ദ്രത്തിൽനിന്നും ഒരറിയിപ്പും കിട്ടിയില്ല. ആകെ കിട്ടിയിട്ടുള്ളത്, കേരളത്തിന്റെ അനുമതിയില്ലാതെ പദ്ധിയുമായി മുന്നോട്ട് പോവുകയില്ലെന്ന യോഗത്തിന്റെ മിനിട്ട്സ് മാത്രമാണ്. രണ്ട് സ്റ്റഡി

നടത്തിയതിന്റെ റിപ്പോർട്ടുകളുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അധികവെള്ളമില്ലെന്നും വെള്ളത്തിന്റെ കുറവ് ഉണ്ടെന്നുമുള്ളതാണ് ഒരു കാര്യം. രണ്ട്, കേരളത്തിൽ ധാരാളം മഴ കിട്ടുന്നുണ്ടെന്നും മഴക്കാലത്ത് വെള്ളം ഒഴുകി പോകുന്നുവെന്നും ആ വെള്ളം തിരിച്ചുവിടണമെന്നുമുള്ളതാണ് അവരുടെ വാദഗതി. അതിന് സാധിക്കില്ല. മഴക്കാലത്ത് ഒഴുകിപ്പോകുന്ന വെള്ളമാണ് നമ്മുടെ നാടിനെ ശുദ്ധീകരിക്കുന്നതും പരിസ്ഥിതി സംരക്ഷിക്കുന്നതും ഉപ്പുവെള്ളം മാറ്റിയെടുക്കുന്നതും. മഴവെള്ളം നമ്മളെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ടതാണ്. കുട്ടനാടിനെ ശുദ്ധീകരിക്കുന്നത് മഴവെള്ളമാണ്. മഴവെള്ളത്തിനുള്ള പ്രധാന്യം വളരെ വലുതാണ്. ആ റിപ്പോർട്ടും നമ്മൾ തയ്യാറാക്കി വച്ചിട്ടുണ്ട്. ഒരുവർഷം കോടിക്കണക്കിന് തീർത്ഥാടകരാണ് ശബരിമലയിൽ എത്തുന്നത്. അങ്ങനെയുള്ള സ്ഥലത്ത് ഇന്നുള്ള വെള്ളത്തിന്റെ കുറവ് പോലും പ്രശ്നമാണ്. അങ്ങനെയൊരു സാഹചര്യമാകാൻ സാധിക്കില്ല. അതിനുപരി ഈ പദ്ധതി വന്നാൽ 2004 ഹെക്ടർ നിബിഡവനം വെള്ളത്തിനടിയിലാകും. തിരുവനന്തപുരം നഗരത്തിന്റെ കുടിവെള്ളത്തിനുവേണ്ടി പേപ്പാറ ഡാം 3 അടി ഉയർത്തുമ്പോൾ ഏതാനും ഹെക്ടർ വനം നഷ്ടപ്പെടുമെന്ന് പറഞ്ഞ് അനുമതി തരാതിരിക്കുകയാണ്. ഈ പദ്ധതി നടപ്പിലാക്കിയാൽ 2004 ഹെക്ടർ സ്ഥലമാണ് നഷ്ടപ്പെടുന്നത്. ഈ 4 കാരണങ്ങളും ശക്തമായി

ബോധ്യപ്പെടുത്താൻ സാധിക്കും. ഒരു കാരണവശാലും ഇത് അംഗീകരിക്കുന്ന പ്രശ്നമില്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, നമുക്ക് മുല്ലപ്പെരിയാറിന്റെ അനുഭവമുണ്ട്. 136 അടിയിൽനിന്ന് ഒരു അടിപോലും ഉയർത്തുന്നത് കേരളത്തിന്റെ താൽപ്പര്യത്തിന് അനുകൂലമല്ലെന്ന് പറഞ്ഞുനോക്കിയെങ്കിലും സുപ്രീം കോടതി തമിഴ് നാടിന് അനുകൂലമായി വിധിച്ചിരിക്കുയാണ്. ഈ പ്രശ്നത്തിലും സുപ്രീം കോടതി വിധി ഉയർത്തിക്കാണിച്ചുകൊണ്ട് അവർ വരില്ലെന്ന് കരുതാൻ കഴിയില്ല. ശ്രീമതി ജയലളിത പെറ്റീഷൻ കൊടുക്കുന്നു, ശ്രീ നരേന്ദ്ര മോഡി അവർക്ക് അനുകൂലമായി, ആളുകളെ അയച്ച് പഠിക്കാൻ ശ്രമിക്കുന്നു. ഇങ്ങനെയുള്ള കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കി ശക്തമായ ഗവൺമെന്റ് നടപടികളും ബഹുജനങ്ങളെ ഒന്നിച്ചുകൊണ്ടുള്ള നീക്കവും നടത്തേണ്ടതില്ലേയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെതന്നെ നമുക്ക് സാദ്ധ്യമായിട്ടുള്ള എല്ലാ നടപടികളും ഇക്കാര്യത്തിൽ സ്വീകരിക്കും. അങ്ങേയ്ക്ക് എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടെങ്കിൽ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതുൾപ്പെടെ നിയമപരമായും

സാങ്കേതികപരമായിട്ടുമുള്ള എല്ലാവിധത്തിലുള്ള നടപടികളും സ്വീകരിക്കും. ഗവൺമെന്റ് ഇതിനോടകംതന്നെ അതിന്റെ സാഹചര്യങ്ങളെല്ലാം സൃഷ്ടിച്ചിരിക്കുകയാണ്. അതുകൊണ്ടാണ് ഡൽഹി ഐ.ഐ.റ്റി.യെ കൊണ്ടും കോഴിക്കോട് വാട്ടർ റിസോഴ്സസ് സംഘടനെയെകൊണ്ടും രണ്ട് സ്റ്റഡികൾ നടത്തിയിരിക്കുന്നത്. നമ്മുടെ നാല് ഡാമുകൾ കൈവിട്ടുപോയിയെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞു, ഒന്നും പോയിട്ടില്ല, അവ ഇപ്പോഴും നമ്മുടെ കയ്യിൽത്തന്നെയാണുള്ളത്. പക്ഷെ, ഡാമിന്റെ മെയിനന്റ്സ് ആന്റ് ഓപ്പറേഷൻ തമിഴ്നാടിനാണെന്നാണ് എഗ്രിമെന്റിൽ എഴുതിവച്ചിട്ടുള്ളത്. നമ്മളത് അംഗീകരിച്ചിട്ടുമുള്ളതാണ്. കാലാകാലങ്ങളിലെല്ലാം അങ്ങനെയാണ് നടന്നുപോന്നിട്ടുള്ളതും. അല്ലാതെ അതിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഒരു തർക്കത്തിനും ഇടകൊടുക്കുകയില്ല, ഇന്നും നമ്മുടെ ഡാമായിട്ടാണ് നാഷണൽ ഡാം അതോറിറ്റി അംഗീകരിച്ചിരിക്കുന്നത്.

<u>ശ്രീ. മാത്യൂ. റ്റി. തോമസ്</u>: സർ, അങ്ങ് പറഞ്ഞ മറുപടിക്കകത്ത് സുപ്രീം കോടതിയുടെ അന്തിമവിധി വന്നത് 27-02-2012-ലാണ്. ഇതിന് സമാനമായ ചോദ്യം ഞങ്ങളിന്ന് സഭയിൽ ചോദിച്ചിരുന്നു, ഇതിന് കിട്ടിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത്, Special Committee for interlinking of rivers - പ്ലാനിംഗും

കൺസ്ട്രക്ഷനും ഇംപ്ലിമെന്റേഷനും നടത്താൻ വേണ്ടിയാണ് ആ കമ്മിറ്റി. ആ സുപ്രീം കോടതി വിധിക്കെതിരെ നമ്മളെന്തെങ്കിലും നിയമപരമായ നടപടി ഈ 2012-നു ശേഷം സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണംകൂടി വ്യക്തമാക്കാമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ആ വിധി പമ്പ, അച്ചൻകോവിൽ, വൈപ്പാർ എന്നീ നദികൾക്ക് വേണ്ടിയുള്ളതല്ല, അതൊരു പബ്ലിക് ഇന്ററസ്റ്റ് കേസ്സാണ്. അതിനകത്ത് പല സ്റ്റേറ്റുകളും കക്ഷിചേർന്നു. തമിഴ്നാട് അതിൽ കക്ഷി ചേർന്നപ്പോൾ കേരളവും ചേർന്നു. അല്ലാതെ ഈ പർട്ടിക്കുലർ കേസിനുവേണ്ടിയിട്ടുള്ളതല്ല. സ്റ്റേറ്റിന്റെ അവകാശമാണ് ജലം എന്ന് ആ വിധിയിൽ വളരെ വ്യക്തമായിത്തന്നെ പറയുന്നുണ്ട്. പക്ഷെ, രണ്ട് സ്റ്റേറ്റുകൾ തമ്മിൽ യോജിപ്പുണ്ടായാൽ എന്നുള്ളതുമാത്രം കണക്കാക്കിയാൽ മതി. ഞാൻ യോഗത്തിന്റെ മിനിറ്റ്സ് വായിച്ചല്ലോ, തമിഴ്നാട് എൻ.ഡബ്ല്യു.ഡി.എ.യുടെ യോഗത്തിൽ ഈ പ്രശ്നം ഉന്നയിച്ചപ്പോൾത്തന്നെ കേരള നിയമസഭ പ്രമേയം പാസ്സാക്കി ഞങ്ങൾക്ക് അയച്ചുതന്നിട്ടുണ്ട്, ഞങ്ങൾക്കൊന്നും ചെയ്യാൻ സാധിക്കില്ലായെന്നാണ് അവർ പറഞ്ഞത്. രണ്ടു സ്റ്റേറ്റുകളുംകൂടി യോജിച്ചാൽ..., ഈ വിധി, രണ്ടോ മൂന്നോ സ്റ്റേറ്റുകൾ യോജിച്ചുവന്നാൽ ചെയ്യാവുന്ന കാര്യത്തെക്കുറിച്ചാണ്. ഇത് സംബന്ധിച്ച് യാതൊരു ആശങ്കയും വകയില്ല. ഒരു കാരണവശാലും അനുവദിക്കുന്നതിനെക്കുറിച്ച്

ചിന്തിക്കാൻപോലും കഴിയാത്ത ഒരു കാര്യമാണ് നദികൾ ഇന്റർലിങ്ക് ചെയ്യുക എന്നുള്ളത്. ഡാം പൂർണ്ണമായും സംരക്ഷിക്കുന്നതിന് ഗവൺമെന്റ് എല്ലാവിധ നടപടികളും സ്വീകരിക്കും.

## റോഡുവികസനം

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ റോഡുവികസനവുമായി ബന്ധപ്പെട്ട്, കെ.എസ്.റ്റി.പി. റോഡുവികസന പദ്ധതിയുടെ മൂവാറ്റുപുഴ-ചെങ്ങന്നൂർ ഭാഗം പണിതുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണ്. ഇതിനായി സ്ഥലം ഏറ്റെടുത്തതിന്റെകൂടെ കൂത്താട്ടുകുളം ടൗണിൽ ഗ്രാമപഞ്ചായത്ത് ഓഫീസിന് മുമ്പിലുള്ള സ്ഥലവും അക്വയർ ചെയ്തിട്ടുണ്ട്. അവിടെവരുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം മുൻ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന കെ. റ്റി. ജേക്കബിന്റെ പ്രതിമ ആ ജംഗ്ഷനിലാണ് സ്ഥാപിച്ചിട്ടുള്ളത്. അതുപോലെതന്നെ നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യസമര സേനാനികൾ അവരുടെ പെൻഷൻ തുക സ്വരൂപിച്ചുണ്ടാക്കിയ ഫണ്ടുപയോഗിച്ച് നിർമ്മിച്ച, മുൻമന്ത്രി പി.കെ.വി. ശിലാസ്ഥാപനം നടത്തി മുൻമുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി അനാച്ഛാദനംചെയ്ത സ്വതന്ത്ര്യ സമര സേനാനികളുടെ രക്തസാക്ഷി സ്മാരകവും അവിടെനിന്ന് മാറ്റാൻ പോകുകയാണ്. മന്ത്രി ശ്രീ. അനൂപ് ജേക്കബ്, അവിടെത്ത എം.പി.യായ ശ്രീ. ജോസ്. കെ. മാണി

എന്നിവരെല്ലാംതന്നെ ആ പ്രശ്നത്തിലിടപ്പെട്ടിട്ടുണ്ട്. ഇത് നഷ്ടപ്പെടാൻ പാടില്ല. കെ. റ്റി. ജേക്കബ് ആശാൻ എല്ലാവർക്കും പട്ടയം നൽകിയ ഒരാളാണ്, അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിക്കാൻ കേരളത്തിൽ സ്ഥലമില്ലാതെ അതിനെ നശിപ്പിക്കുകയെന്ന് പറയുന്നതും സ്വാതന്ത്ര്യസമര സേനാനികൾ സ്വന്തം പണമുപയോഗിച്ച് സ്ഥാപിച്ച ഒരു സ്മാരകത്തെ നശിപ്പിക്കുകയെന്നുപറയുന്നതും ശരിയല്ല, ഗവൺമെന്റും മുഖ്യമന്ത്രിയും ഇക്കാര്യത്തിൽ അടിയന്തരമായി പരിഹാരം കാണണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കെ.എസ്.റ്റി.പി.-II പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡിൽ കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ ടൗൺ ഹാളിന് മുൻവശത്തായി മുൻ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന കെ. റ്റി. ജേക്കബിന്റെ പ്രതിമയും സ്വാതന്ത്ര്യ സമരസേനാനികളുടെ രക്തസാക്ഷിമണ്ഡപവും സ്ഥാപിച്ചിട്ടുണ്ട്. റോഡ് വികസിപ്പിക്കുമ്പോൾ പ്രതിമ സ്ഥിതിചെയ്യുന്ന ഭാഗം മുഴുവനായും രക്തസാക്ഷി മണ്ഡപത്തിന്റെ ഒരു ഭാഗവും ഏറ്റെടുക്കേണ്ടതായി വരും. പ്രതിമയും രക്തസാക്ഷി മണ്ഡപവും മാറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച് കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് അധികൃതരുമായി പ്രാഥമിക ചർച്ചകൾ നടത്തിക്കഴിഞ്ഞു. ഇവ പ്രസ്തുത സ്ഥലത്ത് പുറകോട്ടുമാറ്റി സ്ഥാപിക്കാൻ ധാരണയായിട്ടുണ്ട്. കെ.എസ്.റ്റി.പി. യുടെ

ചെലവിൽത്തന്നെ പ്രതിമയും രക്തസാക്ഷി മണ്ഡപവും മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കെ. റ്റി. ജേക്കബിനോടുള്ള ആദരവ് പൂർണ്ണമായും അംഗീകരിച്ചുകൊണ്ടുതന്നെ ഒരു പൊതുവായ ധാരണയുടെ അടിസ്ഥാനത്തിലാണ് ഇതുചെയ്യുന്നത്. അതിന്റെ എതിർവശത്ത് രാജീവ്ഗാന്ധിയുടെ പ്രതിമയാണുള്ളത്. നമുക്ക് റോഡിന്റെ വികസനവും ആവശ്യമാണ്, അതേസമയം ഇതുപോലെയുള്ള മഹത്വ്യക്തികളെ ഒരുവിധത്തിലും അനാദരിക്കുന്ന ഒരു നടപടിയുമുണ്ടാകില്ല.

## ആറന്മുള വിമാനത്താവള പദ്ധതി

ശ്രീ. എം. എ. ബേബി: സർ, തൊട്ടുമുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച പ്രശ്നത്തോട് പ്രതികരിക്കുമ്പോൾ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം പറയുകയുണ്ടായി. ഞാൻ ഉന്നയിക്കാൻ ആഗ്രഹിക്കുന്ന വിഷയം ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി, ആറന്മുള വിമാനത്താവളം യാഥാർത്ഥ്യമാക്കുമെന്ന് കോഴഞ്ചേരി മിനി സിവിൽ സ്റ്റേഷൻ ഉത്ഘാടനം ചെയ്തുകൊണ്ട്, ഗവൺമെന്റിന്റെ ഒരു ഔപചാരിക ചടങ്ങിൽ സംസാരിക്കുമ്പോൾ പറഞ്ഞത് പത്രങ്ങളും ദൃശ്യമാദ്ധ്യമങ്ങളും റിപ്പോർട്ട് ചെയ്തിരുന്നു. ആറന്മുള വിമാനത്താവള പദ്ധതി എട്ടോളം നിയമങ്ങൾ ലംഘിച്ചുകൊണ്ട് നടപ്പാക്കാനുദ്ദേശിക്കുന്ന ഒരു പദ്ധതിയാണെന്നുള്ള കാര്യം

ഇതിനകം വെളിപ്പെട്ട് കഴിഞ്ഞിട്ടുള്ളതാണ്. ആറന്മുള വിമാനത്താവളത്തിനുള്ള പാരിസ്ഥിതിക അനുമതി ദേശീയ ഹരിത ട്രിബ്യൂണൽ ദക്ഷിണ മേഖല ബഞ്ച് റദ്ദാക്കിയെന്ന് 29-05-2014-ൽ പത്രങ്ങളെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് ഒരുവിധ പ്രവർത്തനങ്ങളും നടത്തരുതെന്നും ജസ്റ്റിസ് എം. ചൊക്കലിംഗം, വിദഗ്ധ സമിതിയംഗം എന്നിവരടങ്ങിയ ബഞ്ച് നിർദ്ദേശിച്ചു. ഹരിത ട്രിബ്യൂണൽ ഈ തീരുമാനം കൈക്കൊണ്ടത്, സംസ്ഥാന ഗവൺമെന്റിന്റെ അഡ്വക്കേറ്റ് വളരെ അപമാനകരമായ പല വാദങ്ങളും ഈ ഹരിത ട്രിബ്യൂണലിന്റെ മുമ്പിൽ നടത്തിയത് പരിഗണിച്ചാണ്. അതെല്ലാം ഈ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തെറ്റായ വിവരങ്ങൾ കാണിച്ചാണ് പാരിസ്ഥിതിക അനുമതി നേടിയതെന്നും നെൽവയൽ - നീർത്തട സംരക്ഷണ നിയമം ലംഘിച്ചുവെന്നുമുള്ള ഹർജിക്കാരുടെ ആരോപണം തെളിഞ്ഞുവെന്നും ട്രിബ്യൂണൽ വ്യക്തമാക്കി. അതേസമയം സർക്കാരിന്റെ വാദവും ഇതിനകത്ത് പറഞ്ഞിട്ടുണ്ട്. പദ്ധതിക്കെതിരെ പരാതി നൽകാൻ ഹർജിക്കാർക്കോ ഹർജി പരിഗണിക്കാൻ ഹരിത ട്രിബ്യൂണലിനോ അധികാരമില്ലെന്ന് സർക്കാർ വാദിച്ചു. കേരള സർക്കാരാണ് ഈ അപമാനകരമായ വാദമുന്നയിച്ചത്. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. 2014 വർഷത്തെ കംപ്ട്രോളർ

ആന്റ് ആഡിറ്റ് ജനറലിന്റെ റിപ്പോർട്ട് നമ്പർ 6-ൽ, ആറന്മുള വിമാനത്താവളവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങളുടെ കാര്യമാണ് പറയുന്നത്. സമയപരിമിതിമൂലം ഞാൻ അതേക്കുറിച്ച് പറയുന്നില്ല. ഈ റിപ്പോർട്ടിൽ, കേരള നിയമസഭയിലെ 140 അംഗങ്ങളുള്ളതിൽ 71 എം.എൽ.എ.മാർ ഈ പദ്ധതി പരിസ്ഥിതി സംരക്ഷണത്തെയും നെൽവയൽ-നീർത്തട സംരക്ഷണത്തെയും തകർക്കുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ പാർലമെന്റിന്റെ ഒരു കമ്മിറ്റിയുണ്ട്. ഗ്രീൻ ഫീൽഡ് എയർപോർട്ട് തുടങ്ങുന്നതിനെക്കുറിച്ച്...., ഇന്ന് രാജ്യത്ത് നിലവിലുള്ളനിയമം, 150 കിലോമീറ്ററിനുള്ളിൽ പുതിയൊരു വിമാനത്താവളം പാടില്ലായെന്നാണ്. ബഹുമാന്യനായ മുൻ കേരള മുഖ്യമന്ത്രി കെ. കരുണാകരൻ മുൻകൈയെടുത്ത് സ്ഥാപിച്ച നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെയും തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെയും 150 കിലോമീറ്ററിനുള്ളിലാണ് ഇപ്പോൾ നിർദ്ദിഷ്ട ആറന്മുള വിമാനത്താവളം പദ്ധതി വരുന്നത്. അതുപോലെതന്നെ സംസ്ഥാന നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലും ഈ വിമാനത്താവള പദ്ധതിയുടെ നിയമലംഘനങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഇതെല്ലാമാണെന്നിരിക്കെ, ഏറ്റവും ഗൗരവമുള്ള പ്രശ്നം ഹരിത ട്രിബ്യൂണലിന്റെ വിധി ഹൈക്കോടതി വിധിക്ക്

തുല്യമാണ്. ഹരിത ട്രിബ്യൂണലിന്റെ വിധി ചോദ്യം ചെയ്യാൻ സുപ്രീം കോടതിയിൽ പോയാൽ മാത്രമെ സാധിക്കുകയുള്ളൂ. അങ്ങനെ പ്രാധാന്യമുള്ള ഒരു വിധി ഞങ്ങൾക്ക് ബാധകമല്ലായെന്നമട്ടിൽ ഭരണഘടനതൊട്ട് സത്യംചെയ്ത ബഹുമാനപ്പെട്ട മാണി സാറിന് എങ്ങനെ പരസ്യമായി പറയാൻ സാധിക്കും; അദ്ദേഹം വഹിക്കുന്ന ഉത്തരവാദിത്വത്തിനുതന്നെ നിരക്കുന്ന ഒരു പ്രസ്താവനയല്ല അദ്ദേഹം നടത്തിയത്, ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ പ്രതിപക്ഷ നേതാവിന്റ അഭിപ്രായത്തോട് പ്രതികരിക്കുമ്പോൾ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം പറഞ്ഞു, അതുകൊണ്ട് ഈ സഭയിലെ ഭൂരിപക്ഷം അംഗങ്ങളുടെ നിലപാട് എനിക്ക് ബാധകമല്ലായെന്ന് മാണി സാറിന് എങ്ങനെ പറയാൻ സാധിക്കും...

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.. യെസ്.. പ്ലീസ്.. ഇന്ന് സമയം വളരെ ചുരുക്കമാണ്.

<u>ശ്രീ. എം. എ. ബേബി:</u> സർ, അവരുടെ അഭിപ്രായത്തോട് പ്രതികരിക്കാൻ കഴിയില്ലെന്ന് ബഹുമാനപ്പെട്ട മാണി സാറിന് എങ്ങനെ പറയാൻ സാധിക്കും.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. കെ. എം. മാണി)</u>: സർ, ഞാൻ പറഞ്ഞ രണ്ട് വാചകങ്ങളിൽ ഒന്നുമാത്രം ക്വാട്ട് ചെയ്തു,

രണ്ടാമത്തെ സെന്റൻസ് പറഞ്ഞില്ല. പരിസ്ഥിതി സൗഹൃദമായി എയർപോർട്ട് ഇവിടെ സ്ഥാപിക്കാമെന്നാണ് ഞാൻ പറഞ്ഞത്. പരിസ്ഥിതി സൗഹൃദമാക്കികൊണ്ട് സ്ഥാപിക്കാമെന്നതാണ് എന്റെ നിലപാട്. അതിലെന്ത് കുഴപ്പമാണുള്ളത്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പരിസ്ഥിതി സൗഹൃദവും നിയമപരവുമായിട്ടുള്ള മാർഗ്ഗങ്ങളിൽക്കൂടി ആ കമ്പനി മുമ്പോട്ട് വന്നാൽ വിമാനത്താവളം അവിടെ സ്ഥാപിക്കാൻ വേണ്ട എല്ലാകാര്യങ്ങളും ഗവൺമെന്റ് ചെയ്യും. രണ്ടുകാര്യങ്ങളാണ് പ്രധാനമായിട്ടുള്ളത്. ശ്രീ. കെ.എം. മാണി ഇവിടെ പറഞ്ഞു, പരിസ്ഥിതി സൗഹൃദം വേണമെന്ന്. അതുപോലെതന്നെ നിയമപരമായിട്ടുള്ള കാര്യങ്ങളും വേണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്യുതാനന്ദൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് നിയമപരമായ കാര്യം പറഞ്ഞത്. കെ. എം. മാണിസാർ പരിസ്ഥിതിയെപ്പറ്റിയേ പറഞ്ഞുള്ളൂ.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, പരിസ്ഥിതിയുടെ കാര്യം മാത്രമേ ഇവിടെ പറഞ്ഞുള്ളൂ.

ശ്രീ. എം. എ. ബേബി : സർ, ഏഴെട്ട് നിയമലംഘനമുണ്ടെന്ന് ഞാൻ വളരെ വ്യക്തമായി പറഞ്ഞു.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അങ്ങനെ നിയമലംഘനമുണ്ടെങ്കിൽ അത്തരം

എല്ലാ നിയമലംഘനങ്ങൾക്കും കൂട്ടുനിന്നത് അങ്ങുംകൂടി അംഗമായിട്ടുള്ള മന്ത്രിസഭയാണ്.

ശ്രീ. എം. എ. ബേബി : സർ, വളരെ തെറ്റായ അഭിപ്രായമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, എ.ജി.യുടെ റിപ്പോർട്ട് നോക്കിയാൽ മതി. നിങ്ങൾ നടത്തിയ എല്ലാ നിയമലംഘനങ്ങളും എ.ജി.യുടെ റിപ്പോർട്ടിനകത്ത് പറഞ്ഞിട്ടുണ്ട്. രണ്ട് ഗവണ്മെന്റിനെയും വിമർശിച്ചുവെന്ന് പത്രത്തിൽ വന്നത് ശരിയാണ്. ഞങ്ങൾ അതിനകത്ത് ഓഹരി എടുക്കാൻ തീരുമാനിച്ചു എന്നു പറഞ്ഞാണ് ഞങ്ങളെ വിമർശിച്ചത്. ബാക്കി ഇതിന് കൊടുത്ത അനുമതികളെല്ലാം കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്താണ്. ഹരിത ട്രൈബ്യൂണൽ ആറൻമുള വിമാനത്താവള പദ്ധതിയുടെ പാരിസ്ഥിതികാനുമതി റദ്ദാക്കി പുറപ്പെടുവിച്ച ഉത്തരവിലെ സാങ്കേതികത്വമാണ് അവർ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. പക്ഷെ നിയമപരമായ സാഹചര്യങ്ങളിൽ വന്നാൽ എയർപോർട്ട് അവിടെ വരുന്നതിന് കഴിഞ്ഞ ഗവണ്മെന്റ് തുടങ്ങിവച്ച പ്രവർത്തനങ്ങൾക്ക് ഞങ്ങൾ സപ്പോർട്ട് ചെയ്യും. യാതൊരു സംശയവുമില്ല. അത് പരിസ്ഥിതി സൗഹൃദവും നിയമപരവുമായിരിക്കണം. നിയമപരമായ അനുമതികൾ വാങ്ങേണ്ടത് സംസ്ഥാന ഗവണ്മെന്റിന്റെ ചുമതലയല്ല, കമ്പനിയുടെ ചുമതലയാണ്. അത് അവർ

നോക്കികൊള്ളും.

ശ്രീ. എം.എ.ബേബി: ഹരിത ട്രൈബ്യൂണലിന്റെ പദ്ധതിക്കുവേണ്ടി സംസ്ഥാന ഗവണ്മെന്റ് വാദിച്ചത് കള്ള കമ്പനിക്കുവേണ്ടിയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ആ കള്ള കമ്പനിക്കുവേണ്ടി ആദ്യം നിന്നത് ശ്രീ. എം.എ.ബേബിയുടെ ഗവണ്മെന്റാണ്. കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിൽ ഇടതുമുന്നണിയുടെ ഭരണനേട്ടമായിട്ടാണ് അന്നത്തെ എം.എൽ.എ. അതിനെ ചിത്രീകരിച്ചത്. ഇവിടെ അവിടത്തെ എം.എൽ.എ. ശ്രീ. കെ. ശിവദാസൻ നായർ ഉണ്ട്, അവിടത്തെ എം.പി. ശ്രീ. അന്റോ അന്റണിയുണ്ട്. ഈ പാർലമെന്റ് തെരഞ്ഞെടുപ്പിലെ സ്ഥിതി എന്താണെന്ന് കൂടി അങ്ങ് പഠിക്കണം. അവിടത്തെ ജനങ്ങൾ .....

ശ്രീ. എം.എ.ബേബി: ഈ നിയമസഭയിലെ ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും ഭൂരിപക്ഷം എം.എൽ.എ.മാരും വേണ്ട എന്നുപറയുന്ന ഒരു പദ്ധതിയാണ്.

മി. ചെയർമാൻ: പ്ലീസ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയട്ടെ.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇതിനെക്കുറിച്ച് ഒരു സംശയവുംവേണ്ട, ഗവണ്മെന്റിന്റെ നിലപാട് പരിസ്ഥിതി സൗഹൃദവും നിയമപരവുമായിട്ടാണെങ്കിൽ ആറന്മുള വിമാനത്താവളത്തിന്റെ പ്രവർത്തനം നടക്കും. അതിനുള്ള നിയമപരമായ അനുമതി വാങ്ങാനുള്ള ഉത്തരവാദിത്വം ആ കമ്പനിക്കാണ്. അതിനെതിരെ

ഗവണ്മെന്റിന് അപ്പീൽ പോകാനോ, കൂട്ടുനിൽക്കാനോ പറ്റില്ല. നിങ്ങളുടെ കാലത്ത് ചെയ്തതുപോലെയൊന്നും ചെയ്യില്ല. പക്ഷെ നിയമാനുസൃതമായിവന്നാൽ അതിനെ അനുകൂലിക്കും. അതിന് ജനപിന്തുണയുടെ കാര്യമൊന്നും പറഞ്ഞ് ശ്രീ. എം. എ. ബേബി ഞങ്ങളെ പ്രതിക്കൂട്ടിലാക്കാൻ നോക്കണ്ട. അവിടത്തെ ജനങ്ങൾ ഈ പാർലമെന്റ് തെരഞ്ഞെടുപ്പിൽ എങ്ങനെയാണ് വിധിയെഴുതിയതെന്നുള്ളത് അങ്ങ് പരിശോധിക്കണം.

## സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതി

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, കൊട്ടാരക്കര മൈലം താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതിയെ സംബന്ധിച്ചാണ് എന്റെ ഈ സബ്മിഷൻ. ആ ബാങ്കിൽ 8 കോടി രൂപയുടെ അഴിമതി നടന്നുവെന്നാണ് പ്രാഥമികമായി സഹകരണ വകുപ്പ് നടത്തിയ 65 എൻക്വയറിയുടെ അടിസ്ഥാനത്തിൽ മനസ്സിലായത്. അതിന്റെയടിസ്ഥാനത്തിൽ എഫ്.ഐ.ആർ. നമ്പർ 913 ആയി കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ ഒരു കേസ്സും രജിസ്റ്റർ ചെയ്തിരിക്കുകയാണ്. വളരെ പാവപ്പെട്ടവരും സാധാരണക്കാരുമായ ആളുകളുടെ 13 കോടി രൂപയുടെ നിക്ഷേപമാണ് അവിടെയുള്ളത്. അന്വേഷണത്തിൽ ഇപ്പോൾ 5 കോടി രൂപ മാത്രമേ ബാങ്കിൽ അവശേഷിക്കുന്നുള്ളൂ. ഇപ്പോൾ ഈ നിക്ഷേപകർക്ക് പണം

കിട്ടാത്ത ഒരു സാഹചര്യമാണുള്ളത്. അതിന്റെയടിസ്ഥാനത്തിലുള്ള പരാതിയിന്മേലാണ് വകുപ്പ് 65 പ്രകാരം എൻക്വയറി നടത്തിയതും ആ അന്വേഷണത്തിൽ പരാതിക്കാർ ഉന്നയിച്ച ആക്ഷേപങ്ങൾ ശരിയാണെന്ന് ബോദ്ധ്യമാവുകയും ചെയ്തിരിക്കുന്നത്. സാധാരണക്കാരായ ആളുകൾ മക്കളെ വിവാഹം കഴിപ്പിക്കുന്നതിനും, ഉന്നത പഠനത്തിനും വേണ്ടി മാറ്റിവച്ചിരുന്ന തുകയാണ് ഇവിടെ നിക്ഷേപിച്ചത്. പെൻഷനായപ്പോൾ കിട്ടിയ തുക മുഴുവനും ഈ ബാങ്കിലിട്ടവരുമുണ്ട്. ഈ പാവങ്ങൾക്ക് അവർ നിക്ഷേപിച്ച തുക തിരിച്ചുകിട്ടാനുള്ള സംവിധാനമുണ്ടാകണം. ബാങ്കിലിപ്പോൾ, 13 കോടി രൂപ നിക്ഷേപത്തിൽ 5 കോടി രൂപ മാത്രമേയുള്ളൂ എന്നാണ് അന്വേഷണത്തിൽ കണ്ടെത്തിയത്. 8 കോടി രൂപ അപ്രത്യക്ഷമായിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് ഇപ്പോൾ നടക്കുന്ന അന്വേഷണം തൃപ്തികരമല്ല. അതുകൊണ്ട് ഒരു വിജിലൻസ് അന്വേഷണത്തിന് ഡിപ്പാർട്ടുമെന്റ് നിർദ്ദേശം നൽകണമെന്നുകൂടിയാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകളും സാമ്പത്തിക ദുർവിനിയോഗവും സംബന്ധിച്ചുള്ള

പരാതികളിന്മേൽ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം നടത്തിയ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വകുപ്പ് 32(1) പ്രകാരം ബാങ്ക് ഭരണസമിതിയെ നീക്കം ചെയ്ത് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിരുന്നു. അന്വേഷണ റിപ്പോർട്ടിൽ കണ്ടെത്തിയ ക്രമക്കേടുകൾമൂലം ബാങ്കിനുണ്ടായ നഷ്ടം എത്രയെന്നും ആയതിന് ഉത്തരവാദികൾ ആരൊക്കെയാണെന്നും അവരുടെ വ്യക്തിഗത ബാദ്ധ്യതകൾ എത്രയാണെന്നും തിട്ടപ്പെടുത്തുന്നതിന് വകുപ്പ് 68(1) പ്രകാരം അന്വേഷണം നടത്തുന്നതിന് ഉത്തരവിടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ടിൽ ബാങ്കിൽ വിവിധ കാലയളവുകളിലായി നടന്ന അഴിമതികളും ക്രമക്കേടുകളും സാമ്പത്തിക ദുർവിനിയോഗവുംമൂലം ബാങ്കിന് വൻനഷ്ടം വന്നിട്ടുള്ളതായി കണ്ടെത്തി. ബാങ്കിന്റെ മുൻ സെക്രട്ടറി ശ്രീ. എം. ജി. വിജയകുമാർ, മുൻ പ്രസിഡന്റ് ശ്രീ. ഉണ്ണികൃഷ്ണൻ നായർ, മൈലം ശാഖാ മാനേജർ ശ്രീ. പി. ആർ. വേണുഗോപാൽ എന്നിവർ ആയതിനുത്തരവാദികളാണെന്നും അവരുടെ വ്യക്തിഗത ബാദ്ധ്യതകൾ പലിശ സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണെന്നും റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എം. ജി. വിജയകുമാറിന്റെ വ്യക്തിഗത ബാദ്ധ്യതയായ 90,83,351.82 (തൊണ്ണൂറ് ലക്ഷത്തി

എൺപത്തിമൂവായിരത്തി മുന്നൂറ്റി അൻപത്തിയൊന്ന് രൂപ എൺപത്തിരണ്ട് പൈസ) യുടെ ഇരട്ടി തുകയും, ശ്രീ. ഉണ്ണികൃഷ്ണൻ നായരുടെ വ്യക്തിഗത ബാദ്ധ്യതയായ 24,530/- (ഇരുപത്തിനാലായിരത്തി അഞ്ഞൂറ്റിമുപ്പത്) രൂപയുടെ ഇരട്ടി തുകയും, ശ്രീ. പി. ആർ. വേണഗോപാലിന്റെ വ്യക്തിഗത ബാദ്ധ്യതയായ 5,64,948/- (അഞ്ച് ലക്ഷത്തി അറുപത്തിനാലായിരത്തി തൊള്ളായിരത്തി നാൽപ്പത്തിയെട്ട്) രൂപയും തിരികെ അടയ്ക്കുന്നതിന് കൊല്ലം ജോയിന്റ് രജിസ്ട്രാർ (ജനറൽ) നോട്ടീസ് നൽകിയിരുന്നു. ഇതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഉണ്ണികൃഷ്ണൻ നായർ, ശ്രീ. എം. ജി. വിജയകുമാർ എന്നിവർ സർക്കാർ മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിരുന്നു. ജോയിന്റ് രജിസ്ട്രാർ നൽകിയ നോട്ടീസിൽ ന്യൂനതകൾ കണ്ടെത്തിയതിനെ തുടർന്ന് സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം പുതിയ അന്വേഷണം നടത്തുന്നതിന് സർക്കാർ ഉത്തരവ് നൽകി. ആയതുപ്രകാരം ബാങ്ക് ജീവനക്കാരും ഭരണസമിതി അംഗങ്ങളും ധനാപഹരണം നടത്തിയ തുകകൾ ഇവരിൽനിന്നും പലിശസഹിതം ഈടാക്കുന്നതിന് ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടന്നുവരുന്നു. നിക്ഷേപങ്ങൾക്ക് അധിക പലിശ നൽകിയത് വഴിയും ജീവനക്കാരുടെ ബന്ധുക്കളുടെ സ്ഥിരനിക്ഷേപത്തിന്റെ

ഈടിന്മേൽ നൽകുന്ന വായ്പകൾക്ക് നിക്ഷേപത്തിലും കുറഞ്ഞ പലിശ നിരക്ക് ഈടാക്കിയതും നിക്ഷേപ സമാഹരണ ചെലവ്, പ്രിന്റിംഗ് ചെലവ്, സ്റ്റേഷനറി ചെലവ്, അനാമത്ത് ചെലവ് എന്നീ ഇനങ്ങളിലായി ബാങ്ക് ഫണ്ട് ദുർവിനിയോഗം ചെയ്തതും ബിനാമി ലോണുകൾവഴി ബാങ്ക് ഫണ്ട് അപഹരിക്കുകയും കാലാവധി കഴിഞ്ഞിട്ടുള്ള വായ്പകൾ സമയബന്ധിതമായി തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്തതുവഴിയുമാണ് ബാങ്കിന് വൻനഷ്ടമുണ്ടായിട്ടുള്ളത്. 2012-13 വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം ബാങ്ക് 8 കോടി 2 ലക്ഷം രൂപ അർത്ഥനഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ക്രമക്കേടുകൾക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തതിനെ തുടർന്ന് പണാപഹരണത്തിന് ഉത്തരവാദിയായ സംഘം സെക്രട്ടറിയെ ഇതിനകം അറസ്റ്റ് ചെയ്യുകയും, പിന്നീട് ജാമ്യത്തിൽ ഇറങ്ങുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ നടന്നുവരുന്ന അന്വേഷണം പൂർത്തിയായാൽ മാത്രമേ എത്രത്തോളം തുകയുടെ അപഹരണം നടന്നുവെന്ന് അന്തിമമായി കണക്കാക്കാൻ കഴിയുകയുള്ളൂ. അപഹരണംമൂലം ബാങ്കിന് നഷ്ടംവന്ന തുകകൾ ഈടാക്കുന്നതിന് നിയമാനുസൃതമായ എല്ലാ നടപടികളും സ്വീകരിക്കുകയും ക്രിമിനൽ കേസ് അടക്കമുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്യുന്നതാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞതുപോലെ

ഈ അന്വേഷണം പോരെങ്കിൽ ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ ഗവണ്മെന്റ് തയ്യാറാണ്.

## മലിനജലംമൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ചവറ കെ.എം.എം.എൽ ഫാക്ടറിയുടെ പരിസരമേഖലയായ ചിറ്റൂർ പ്രദേശത്തെ 109 ഏക്കറോളം വിസ്തൃതിയുള്ള ഭൂമി കെ.എം.എം.എൽ ഏറ്റെടുക്കുമെന്ന് ഏറെനാളുകൾക്കുമുമ്പുതന്നെ പറഞ്ഞതാണ്. 2014 ജനുവരി മാസം 14-ാം തീയതി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി 109 ഏക്കർ ഭൂമി ഏറ്റെടുക്കാമെന്ന് പറഞ്ഞിരുന്നു. 109 ഏക്കറിന്റെ പരിധിയിൽ വരുന്നതാണ് ചിറ്റൂർ പ്രദേശം. ആ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഈ ഫാക്ടറിയിൽ നിന്നും ഒഴുക്കിവിടുന്ന ആസിഡ് കലർന്ന ജലം പരിസരമേഖലകളിലേയ്ക്കും കിണറുകളിലേയ്ക്കും വരുന്നതുമൂലം രൂക്ഷമായ ആരോഗ്യപ്രശ്നങ്ങൾ അടിക്കടി ഉണ്ടാകുന്നു. കിണറുകളിലെ വെള്ളം കുടിക്കാൻ കഴിയില്ല. കുടിവെള്ള പദ്ധതി പൂർണ്ണമായും കെ.എം.എം.എൽ നടപ്പാക്കുമെന്ന് പറഞ്ഞു. എന്നാൽ പൂർണ്ണമായും നടപ്പാക്കിയിട്ടില്ല. കാൻസർ രോഗികൾക്ക് കെ.എം.എം.എൽ നൽകുന്നത് വെറും അയ്യായിരം രൂപയാണ്. റീജിയണൽ

കാൻസർ സെന്ററിൽ കാൻസർ ചികിത്സയ്ക്ക് വരുന്ന പേഷ്യന്റിന് രണ്ടും മൂന്നും ലക്ഷം രൂപ ചെലവാകും. കെ.എം.എം.എൽ കൊടുക്കുന്നത് അയ്യായിരം രൂപമാത്രമാണ്. തൊലിപ്പുറത്തുണ്ടാകുന്ന രോഗം മാരകമാണ് അതിന് തുക കൊടുക്കുന്നില്ല. ശ്വാസകോശ സംബന്ധമായ രോഗം വന്നാൽ അതിനും തുക അനുവദിക്കില്ല. കെ.എം.എം.എൽ പരിസര മേഖലയ്ക്കുവേണ്ടി ഒന്നും ചെയ്യുന്നില്ല. ജലത്തിൽ ആസിഡ് കലരുന്നതുമൂലം രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയാണ്. അങ്ങയുടെ നേതൃത്വത്തിൽ ഇതിനെ സംബന്ധിച്ച് യോഗം നടന്നിരുന്നു. ഞാൻ അവിടുത്തെ ട്രെയ്ഡ് യൂണിയൻ പ്രസിഡന്റാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ആ പ്രദേശം സന്ദർശിച്ചിരുന്നു. ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി മുൻകൈയെടുത്ത് ചില പ്രവർത്തനങ്ങൾ അവിടെ നടത്തിയിട്ടുണ്ട്. ഈ മാസം മൂന്നാം തീയതി ചിറ്റൂർ പ്രദേശത്തെ കുടുംബാംഗങ്ങൾ കെ.എം.എം.എൽ ഫാക്ടറിക്കുമുന്നിൽ വലിയ സമരം നടത്തി. സി.പി.ഐ-യുടെ ബഹുമാന്യനായ നേതാവ് ശ്രീ. സി. ദിവാകരൻ അവിടെ വന്ന് സമരം ഉദ്ഘാടനം ചെയ്തിരുന്നു. എനിക്ക് പോകാൻ കഴിഞ്ഞില്ല. ശ്രീ. പി. സി. ജോർജ് അടക്കമുള്ള നേതാക്കൾ ഫാക്ടറി സന്ദർശിച്ചിരുന്നു. ഈ ഫാക്ടറി ഉണ്ടാകാൻ കാരണം അവിടുത്തെ പരിസരവാസികളാണ്. ഫാക്ടറിക്ക് പരിസരവാസികളോട് ഒരു പ്രതിബദ്ധതയുമില്ല. അവരെ സഹായിക്കാത്ത

സമീപനമാണ് മാനേജ്മെന്റ് സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും ട്രെയ്ഡ് യൂണിയൻ നേതാക്കൻമാരും മറ്റുള്ളവരുമായി ചേർന്ന് ഒരു അടിയന്തര മീറ്റിംഗ് വിളിച്ച് ചേർക്കണം. ചിറ്റൂർ പ്രദേശത്തെ 109 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് കെ.എം.എം.എൽ-ന് സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിൽ സർക്കാർ പണം കണ്ടെത്തി ആ ഭൂമി ഏറ്റെടുക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കെ.എം.എം.എൽ -ൽ നിന്ന് പുറത്തേയ്ക്ക് വിടുന്ന ജലത്തിൽ പൊല്യൂഷൻ ഉണ്ടെന്നുള്ളത് ഒരു വസ്തുത തന്നെയാണ്. അത് ഗുരുതരമായതുകൊണ്ടാണ് ഞാനും ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മറ്റു നേതാക്കൻമാരുമെല്ലാം ആ ഇഷ്യൂ ഗൗരവമായി ഏറ്റെടുത്തിട്ടുള്ളത്. അത്രയും ഗുരുതരമായ പ്രശ്നമായതുകൊണ്ടാണ്ആ പ്രദേശത്തെ ഭൂമി ഏറ്റെടുക്കാൻ കാബിനറ്റ് തീരുമാനിച്ചത്. അക്കാര്യം ഞാൻ ഇവിടെ പറഞ്ഞതുമാണ്. രണ്ട്-മൂന്ന് പ്രശ്നങ്ങൾ അവിടെയുണ്ട്. ജലവൈദ്യുത പദ്ധതികൾക്ക് കെ.എം.എം.എൽ ഇപ്പോൾ സഹായം കൊടുക്കുന്നുണ്ട്. അത് വർദ്ധിപ്പിക്കണമെന്നുണ്ടെങ്കിൽ ആലോചിക്കാം. അതുപോലെ വൈദ്യസഹായം

ഇപ്പോൾ കൊടുക്കുന്നത് വർദ്ധിപ്പിക്കണമെന്നുണ്ടെങ്കിൽ അതും ആലോചിക്കാം. പ്രശ്നങ്ങളൊന്നും ന്യായമല്ലെന്ന് ഞാൻ പറയില്ല. വളരെ ഗുരുതരമായ പ്രശ്നമുണ്ട്. കമ്പനി ലാഭം ഉണ്ടാക്കുന്നുണ്ട്. അതുകൊണ്ട് സോഷ്യൽ റെസ്പോൺസിബിലിറ്റി വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം കമ്പനിക്ക് കൊടുക്കാം. അതിനൊന്നിനും പ്രശ്നമില്ല. സ്ഥലം ഏറ്റെടുക്കുന്നത് ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം പോവുകയാണെങ്കിൽ വളരെ താമസിക്കും. സ്ഥലം തരാൻ ഉടമകൾകൂടി തയ്യാറായതുകൊണ്ട് നെഗോഷിയേറ്റ് ചെയ്ത് സ്ഥലം ഏറ്റെടുക്കുന്ന നടപടിയിലേക്ക് പോവുകയാണ്. ഇത് സംബന്ധിച്ച് അടുത്തയാഴ്ച ട്രെയ്ഡ് യൂണിയൻ നേതാക്കൻമാരുമായുള്ള മീറ്റിംഗ് ഞാനും തൊഴിൽ വകുപ്പുമന്ത്രിയും ചേർന്ന് വിളിച്ചിട്ടുണ്ട്. ലാന്റ് അക്വിസിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിയുമായി ആലോചിച്ച്...... പണം വേണമല്ലോ പണമാണ് വീണ്ടും പ്രശ്നം. കെ.എം.എം.എൽ കൊടുക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. കെ.എം.എം.എൽ-ന് എല്ലാ തുകയും കൊടുക്കാൻ കഴിയില്ല. കൊടുക്കാൻ കഴിയുന്നത് കെ.എം.എം.എൽ കൊടുക്കും. ബാക്കിയുള്ളതിന് ധനകാര്യ വകുപ്പുമന്ത്രി കനിയേണ്ടി വരും.

ശ്രീ. സി. ദിവാകരൻ: കാബിനറ്റ് തീരുമാനം ഉണ്ടെങ്കിൽ പിന്നെ താമസം എന്താണ്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ലാന്റ് അക്വിസിഷനുള്ള താമസം

ഒഴിവാക്കാൻ സ്ഥലം ഉടമകൾ തയ്യാറാകുന്ന സ്ഥിതിക്ക് നെഗോഷിയേറ്റ് ചെയ്ത് വാങ്ങുമെന്നാണ് ഞാൻ പറഞ്ഞത്. ഒരു ഡിലേയുമുണ്ടാകില്ല.

## ഇ-ഫയലിംഗ്

ശ്രീമതി. കെ. കെ. ലതിക: സർ, മതിയായ മുന്നൊരുക്കങ്ങളില്ലാതെ ധനകാര്യ വകുപ്പിൽ ഇ-ഫയലിംഗ് തുടങ്ങിയത് നിമിത്തം സംസ്ഥാനത്ത് സാമ്പത്തിക പ്രവർത്തനങ്ങൾ തടസ്സപ്പെടുംവിധം ഫയൽ നീക്കങ്ങളിൽ താമസം നേരിടുകയാണ്. തപാലുകൾ രജിസ്റ്റർ ചെയത് ഫയൽ തുടങ്ങുമ്പോഴല്ലാതെ മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ധനകാര്യവകുപ്പിന്റെ പരിശോധനയ്ക്കും അനുമതിയ്ക്കും വരുന്ന നൂറ് പേജുകൾ വരെ വരുന്ന ഫയലുകൾ സ്കാൻ ചെയ്ത് സിസ്റ്റത്തിലാക്കി ഇ-ഫയലിംഗ് നടത്തുന്നതുമൂലം ഇ-ഫയലിംഗ് കൊണ്ട് ലഭിക്കേണ്ട ഗുണം ഇല്ലാതെ പോകുന്നു. ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ദേശീയ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായ മിഷൻമോഡ് പ്രോജക്ടുകളിലൊന്നാണ് നാഷണൽ ഇൻഫർമാറ്റിക്

സെന്റർ (എൻ.ഐ.സി) വികസിപ്പിച്ചെടുത്ത ഇ-ഓഫീസ് സോഫ്ട്‌വെയർ. കേന്ദ്ര സർക്കാരിന്റെയും മറ്റ് സംസ്ഥാനങ്ങളുടേയും ഓഫീസ് നടപടിക്രമങ്ങളെ അധികരിച്ച് എൻ.ഐ.സി. പഠനം നടത്തി വികസിപ്പിച്ച ഈ സോഫ്ട്‌വെയർ നിലവിൽ കേന്ദ്ര സെക്രട്ടേറിയേറ്റിലെ പല മന്ത്രാലയങ്ങളിലും മഹാരാഷ്ട്ര, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിലും നടപ്പിലാക്കി വരുന്നു. നിലവിൽ ഇ-ഓഫീസ് നടപ്പാക്കാത്ത എല്ലാ വകുപ്പുകളിൽ നിന്നും ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കെത്തുന്ന മുഴുവൻ ഫയലുകളും ധനകാര്യ വകുപ്പിൽ തന്നെയാണ് ഡിജിറ്റലൈസ് ചെയ്യുന്നത്. മറ്റ് വകുപ്പുകളിലെ ഫയലുകൾ ഡിജിറ്റലൈസ് ചെയ്യാൻ കഴിഞ്ഞമാസം മുതൽ കെൽട്രോൺ മുഖേന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. രണ്ട് മാസം കൊണ്ട് ഇത് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. വേണ്ടത്ര തയ്യാറെടുപ്പ് നടത്തിയിട്ട് തന്നെയാണ് ഇ-ഫയലിംഗ് ഏർപ്പെടുത്തിയത്. കഴിഞ്ഞവർഷം ഒക്ടോബർ മുതൽ ഇതിനുള്ള തയ്യാറെടുപ്പുകൾ തുടങ്ങുകയും ഈ വർഷം മാർച്ച് മാസത്തോടെ പരിശീലനം, അടിസ്ഥാന സൗകര്യ വികസനം എന്നിവ പൂർത്തിയാക്കുകയും ചെയ്തു. ഫയലുകൾ സ്കാൻ ചെയ്യുന്നതിനായി നിരവധി സ്കാനറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇ-ഫയലിംഗ് നടപ്പിലാക്കിയതുമൂലം ഫയലുകൾ തീർപ്പാക്കാൻ കാലതാമസം ഉണ്ടായിട്ടില്ല മറിച്ച് കൂടുതൽ വേഗത്തിൽ ഫയലുകൾ

തീർപ്പാക്കാൻ സാധിക്കുകയാണുണ്ടായത്.

**പ്രതികളെ അറസ്റ്റ് ചെയ്യൽ**

ഡോ. ടി. എം. തോമസ് ഐസക്: സർ, ആലപ്പുഴയിൽ പി. കൃഷ്ണപിള്ള ഒളിവിൽ താമസിക്കുകയും സർപ്പദംശമേറ്റ് മരിക്കുകയും ചെയ്ത വീട് ഞങ്ങൾ ഒരു സ്മാരകമായി സംരക്ഷിച്ചു വരികയായിരുന്നു. എന്നാൽ ദൗർഭാഗ്യവശാൽ സാമൂഹ്യ വിരുദ്ധർ കഴിഞ്ഞ ഒക്ടോബർ 31-ന് ആ വീട് തീ വച്ച് നശിപ്പിക്കാൻ ശ്രമം നടത്തുകയുണ്ടായി. നാളിതുവരെയായി കുറ്റവാളികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അങ്ങയുടെ സത്വരമായ ശ്രദ്ധയും നടപടിയും ഇക്കാര്യത്തിൽ അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, മാരാരിക്കുളം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കണ്ണാർക്കാട്ടുള്ള സഖാവ് പി. കൃഷ്ണപിള്ള സ്മാരകത്തിന് നേരെ 31.10.2013-ൽ പുലർച്ചെ 1.30-ന് ഉണ്ടായ അക്രമത്തെ സംബന്ധിച്ച് ഐ.പി.സി.447, 427, 436, 153 എന്നീ വകുപ്പുകൾ പ്രകാരം മരാരിക്കുളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 720/2013 കേസ്, സർക്കാർ ഉത്തരവ് നമ്പർ 118713/M3/13/Home ആയി 27/12/2013 പ്രകാരം ക്രൈംബ്രാഞ്ച് കേസ് ഏറ്റെടുത്ത് അന്വേഷണം നടത്തിവരികയാണ്. ഇത് കേരളം മുഴുവൻ ശ്രദ്ധിക്കുന്ന കാര്യമാണ്. പി.

കൃഷ്ണപിള്ളയെപ്പോലെ മഹാനായ നേതാവിന്റെ സ്മാരകത്തിന് നേരെ നടന്ന സംഭവം എല്ലാവരെയും വേദനിപ്പിക്കുകയും ഞെട്ടിപ്പിക്കുകയും ചെയ്യുന്നതാണ്. ക്രൈംബ്രാഞ്ച് അന്വേഷിച്ച് വരികയാണ്. വളരെ സെൻസിറ്റീവായ കാര്യമായതുകൊണ്ട് സാഹചര്യത്തെളിവുകളുടെയോ അനുമാനത്തിന്റെയോ അടിസ്ഥാനത്തിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിയില്ല. ഏതായാലും എ.ഡി.ജി.പി. ശ്രീ. അനന്തകൃഷ്ണന്റെ നേതൃത്വത്തിൽ നേരിട്ടൊരു അന്വേഷണം നടത്താൻ പറയുകയാണ്. പലരെയും സംശയിക്കുന്നുണ്ട്. 190-ഓളം ആളുകളെ ഇതിനകം ചോദ്യം ചെയ്യുകയുണ്ടായി. ഫിംഗർ പ്രിന്റ് ബ്യൂറോയിൽ ചില ആളുകളുടെ വിരലടയാളമുൾപ്പെടെ പരിശോധിച്ച് വരികയാണ്. എ.ഡി.ജി.പി ശ്രീ.അനന്തകൃഷ്ണനോട് പേഴ്സണലായി ഇത് അന്വേഷിച്ച് കണ്ടെത്തണമെന്ന് പറഞ്ഞിട്ടുണ്ട്. ശ്രീ. പി. തിലോത്തമൻ, എം.എൽ.എ കഴിഞ്ഞ തവണ ഈ വിഷയം ഉന്നയിച്ചിരുന്നു. തീർച്ചയായും വളരെ പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്. അന്വേഷിച്ച് എത്രയും വേഗം നടപടി സ്വീകരിക്കുന്നതാണ്.

## കായിക സർവ്വകലാശാല

ശ്രീ. ബെന്നി ബെഹനാൻ: സർ, സംസ്ഥാനത്ത് ഒരു കായിക സർവ്വകലാശാല തുടങ്ങേണ്ട ആവശ്യകതയിലേയ്ക്കാണ് ഈ സബ്മിഷൻ

ഉന്നയിക്കുന്നത്. ഇന്ന് സ്പോർട്സിന്റെ കാലഘട്ടമാണ്. ചെറുപ്പക്കാർ ഏറ്റവും കൂടുതൽ ആകർഷിക്കുന്നത് സ്പോർട്സിലാണ്. ലോകകപ്പ് ഫുട്ബോളിനെ നമ്മുടെ നാട്ടിലെ ചെറുപ്പക്കാർ ആസ്വദിക്കുകയല്ല, ആഘോഷിക്കുകയായിരുന്നുവെന്നത് അതിന് ഏറ്റവും വലിയ ഉദാഹരണമാണ്. കേരളത്തിൽ നാഷണൽ ഗെയിംസ് നടക്കാൻ പോകുകയാണ്. ഇന്ത്യൻ കായികമുന്നേറ്റത്തിന്റെ അക്ഷയഖനി കേരളമാണ്. സ്പോർട്സിൽ, പ്രത്യേകിച്ച് അത് ലറ്റിക്സിൽ തിളങ്ങി നിൽക്കുന്നത് കേരളത്തിന്റെ യൗവ്വനമാണ്. എന്നിട്ടും പുതുമക്കാർക്ക് ശരീരബലത്തോടും ആത്മബലത്തോടും ഈ രംഗത്ത് കടന്നുവരാനുള്ള സാഹചര്യമില്ല. കൃത്യമായ ആസൂത്രണം, നൂതനമായ പരിശീലന സങ്കേതങ്ങൾ എന്നിവ രാജ്യത്തെ കായിക വ്യവസ്ഥയ്ക്ക് നിർണ്ണായകമാണ്. ഏത് സാഹചര്യം നേരിടാനുമുള്ള മനക്കരുത്ത് താരങ്ങൾക്ക് പകർന്നുനൽകണം. ഇക്കാര്യത്തിലാണ് നാം പിന്നിൽ നിൽക്കുന്നത്. ഇവിടെയാണ് കായിക സർവ്വകലാശാലയുടെ പ്രസക്തി. കായികരംഗത്ത് ബിരുദം മാത്രം പോരാ. നമ്മൾ കുറച്ച് ബിരുദക്കാരെ സൃഷ്ടിച്ചിട്ടുണ്ട്, അതുമാത്രം പോരാ. കായികരംഗത്ത് ആഴത്തിലുള്ള ഗവേഷണവും പരിശീലനവും നിർവ്വഹണവും സ്റ്റാറ്റിസ്റ്റിക്സും വേണം. വിഭവങ്ങൾ തുടങ്ങിയ മേഖലകളിൽ പഠനം വേണം. രാജ്യത്തിന്റെ ഭൂപ്രകൃതി, മനുഷ്യപ്രകൃതി ഇതെല്ലാം കായികരംഗത്തിന്റെ വളർച്ചയ്ക്ക്

എങ്ങനെ പ്രയോജനപ്പെടുത്താമെന്നതിനെ അടിസ്ഥാനമാക്കി താരങ്ങളെ എങ്ങനെ വളർത്തിയെടുക്കാമെന്നുള്ളതിനെക്കുറിച്ചാണ് ആലോചിക്കേണ്ടത്.

കായികസർവ്വകലാശാലകൾ വന്നാൽ മാത്രമേ കായികരംഗത്ത് അടിമുടി മാറ്റം വരുത്തുവാനും അതുവഴി ഈ രംഗത്ത് മുന്നോട്ടുപോകുവാനും കഴിയുകയുള്ളൂ. കേന്ദ്രസർക്കാരിന്റെ ബഡ്ജറ്റിൽ മണിപ്പൂരിൽ ഒരു കായിക സർവ്വകലാശാല അനുവദിച്ചു. ഇന്ന് കായികരംഗത്ത് ഏറ്റവും മുന്നിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. പി.ടി.ഉഷ, ഷൈനി വിൽസൺ, ബീനാ മോൾ, ബോബി അലോഷ്യസ്, ടി.സി. യോഹന്നാൻ, ജിമ്മി ജോർജ് തുടങ്ങിയ നിരവധി കായികപ്രതിഭകളെ സംഭാവന നൽകാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. കേരളത്തിലെ ചെറുപ്പക്കാരുടെ കർമ്മശേഷിയെ, അവരുടെ കായികയൗവ്വനത്തെ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി ഒരു സർവ്വകലാശാല അടിയന്തരമായി തുടങ്ങണം. ലോകകപ്പ് ഫുട്ബോളും ഒളിമ്പിക്സും കാണുമ്പോൾ കേരളത്തിലുണ്ടാകുന്ന ആഘോഷം, ഇതൊക്കെയുണ്ടായിട്ടും ചെറുപ്പക്കാരുടെ കായികശേഷിയെ യാതൊരു തലത്തിലും വളർത്താൻ കഴിയാത്ത തലത്തിൽ, കായികമേഖലയെ തളർത്തുന്ന നടപടിക്ക് പരിഹാരമുണ്ടാവണമെങ്കിൽ ഇവിടെ കായിക സർവ്വകലാശാല വരണം. ഇപ്പോൾ വന്നിരിക്കുന്ന കായികതാരങ്ങളെല്ലാം അവരുടെ മിടുക്ക് കൊണ്ട്

കടന്നുവന്നിരിക്കുന്നവരാണ്. അതിനാൽ ഒരു കായിക സർവ്വകലാശാല അടിയന്തരമായി തുടങ്ങുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റും സംസ്ഥാനഗവൺമെന്റും മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ ആ പ്രൊപ്പോസലിനോടു യോജിക്കുകയാണ്. അങ്ങ് സൂചിപ്പിച്ചതിനേക്കാൾ ചില കാര്യങ്ങൾ കൂടിയുണ്ട്. നാഷണൽ സ്കൂൾ ഗെയിംസിൽ കഴിഞ്ഞ 17 വർഷക്കാലമായി കേരളമാണ് ചാമ്പ്യന്മാരായി വരുന്നത്. ആ കുട്ടികളെ പിന്നീട് മറ്റു തലത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുവാൻ നമുക്ക് സാധിക്കുന്നില്ല. അവർക്കാവശ്യമായ രൂപത്തിലുള്ള ഒരു സപ്പോർട്ട് കൊടുക്കുവാൻ കഴിയുന്നില്ല എന്ന പൊതുവിമർശനം സ്വാഭാവികമായിട്ടുണ്ട്. ആ നിരീക്ഷണമാണ് ഗവൺമെന്റിനുള്ളത്. ഇപ്പോൾ നാഷണൽ ഗെയിംസ് വരുന്നതോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയങ്ങളും അതിനേക്കാൾ കൂടുതൽ എക്വിപ്മെന്റ്സാണ് വരാൻ പോകുന്നത്. കാരണം എക്വിപ്മെന്റ്സ് കൈകാര്യം ചെയ്യുന്നതിൽ കുട്ടികൾക്ക് പ്രാവീണ്യമുണ്ടാകണം. അതുണ്ടാകണമെങ്കിൽ എക്വിപ്മെന്റ്സ് നമുക്കുണ്ടാകണം. ഈ ഗെയിംസിനോട് അനുബന്ധമായി ഈ രൂപത്തിലുള്ള എല്ലാ ഇൻഫ്രാസ്ട്രക്ചർ

ഫെസിലിറ്റിയും വർദ്ധിപ്പിക്കുകയാണ്. National Institute of Sports and Games (NISAG) എന്നു പറയുന്ന ഒരു ദേശീയസ്ഥാപനം രൂപീകരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം ഒരു കായിക സർവ്വകലാശാലയുണ്ടാക്കി എടുക്കുന്നതിനു വേണ്ട എല്ലാവിധ ഇൻഫ്രാസ്ട്രക്ചറും അടുത്ത ജനുവരി മാസത്തോടെ പ്രിപ്പയർ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷ. അതിന് സാങ്കേതിക വശങ്ങൾ കൂടിയുണ്ട്. നയപരമായ തീരുമാനമെടുക്കണം. അതിനാവശ്യമായ സാമ്പത്തിക സപ്പോർട്ട് വേണം. ഇതെല്ലാം ഇതിനപ്പുറത്ത് നിൽക്കുന്ന കാര്യങ്ങളാണ്. എന്നാലും അങ്ങ് പറഞ്ഞ സ്പിരിറ്റ് പൂർണ്ണമായും ഉൾക്കൊള്ളുന്നു. NISAG എന്ന ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുവേണ്ടി തീരുമാനിച്ചു. അതോടൊപ്പം ഒരു കായിക സർവ്വകലാശാലയ്ക്കു വേണ്ടിയുള്ള ശ്രമവും തുടരുന്നതാണ്.

## സ്റ്റേഡിയം നിർമ്മാണം

ശ്രീ. സി. പി. മുഹമ്മദ്: സർ, പട്ടാമ്പിയുടെ 50 കിലോമീറ്ററിനുള്ളിൽ ഒരു ടൂർണമെന്റ് നടത്താനോ ഇതരഗെയിംസുകൾ നടത്താനോ ആവശ്യമായ ഒരു സ്റ്റേഡിയത്തിന്റെ അഭാവമുണ്ട്. എം.എൽ.എ.-യുടെ അസറ്റ് മെയിന്റനൻസ് ഫണ്ടിൽ നിന്നും പണം മുടക്കാം. ആയിരക്കണക്കിന് കുട്ടികൾ പഠിക്കുന്ന പട്ടാമ്പി ശ്രീനീലകണ്ഠ സംസ്കൃത കോളേജ് ഗ്രൗണ്ടിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിന്

സ്പോർട്സ് വകുപ്പ് നടപടി സ്വീകരിക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട സി.പി. മുഹമ്മദ് പറഞ്ഞതുപ്പോലെ ഇതുസംബന്ധിച്ച വിശദമായ പ്ലാനും എസ്റ്റിമേറ്റും ഉൾപ്പെടെയുള്ള പ്രൊപ്പോസൽ സമർപ്പിച്ചാൽ ബന്ധപ്പെട്ടയാളുകളെ കൂടി വിളിച്ചിരുത്തി പിന്നീട് വിശദമായ ചർച്ച നടത്താം. അങ്ങയുടെ കൂടി അഭിപ്രായം ഗവൺമെന്റ് ആരായും. അതിനുശേഷം മറ്റ് നടപടികളിലേയ്ക്ക് പോകുന്നതാണ്.

## വീട്ടു നമ്പർ നൽകൽ

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇടുക്കി ജില്ലയിൽ വർഷങ്ങളായി കൈവശമിരിക്കുന്ന ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല എന്ന കാരണത്താൽ ഇന്ന് പഞ്ചായത്തിൽ നിന്ന് വീട്ടുനമ്പർ പോലും നൽകാത്ത സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. അഥവാ നമ്പർ നൽകുന്നുവെങ്കിൽ അത് unauthorised number ആണ്. വാർഡ് പുനഃക്രമീകരിച്ചപ്പോൾ പഴയ കെട്ടിടനമ്പറുണ്ടായിരുന്നതിനു മാത്രമാണ് പുതിയ നമ്പർ നൽകിയിട്ടുള്ളത്. പഴയ കെട്ടിടങ്ങൾ പൊളിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചാലും പഞ്ചായത്തിൽ നമ്പരിട്ട് കൊടുക്കുന്നില്ല. വർഷങ്ങളായി കൈവശമിരിക്കുന്ന ഭൂമിയിൽ പട്ടയം ലഭിച്ചിട്ടില്ല എന്ന കാരണത്താൽ

കുടുംബനാഥൻ മരണമടഞ്ഞാൽ നിയമാനുസൃത അവകാശിക്ക് വീട് കൈമാറ്റം ചെയ്തുകൊടുക്കുന്നതിനുപോലും തടസ്സം നേരിടുന്നുണ്ട്. പട്ടയത്തിന് അപേക്ഷ നൽകി, പട്ടയത്തിന് അർഹതയും അവകാശവുമുള്ള ടി കർഷകർക്ക് അവരുടെ വീടും അനുബന്ധ സൗകര്യങ്ങളും ഇന്ന് നിലനിറുത്തിക്കൊണ്ടുപോകുന്നതിനുള്ള ബുദ്ധിമുട്ടാണ് ഇതിലൂടെ സൂചിപ്പിക്കുന്നത്. തീർച്ചയായും ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെടുകയും അതോടൊപ്പം കൈമാറ്റം ചെയ്തുകൊടുക്കുന്ന ഭൂമിക്ക്; പരമ്പരാഗതമായി ലഭിക്കുന്ന പുരയിടത്തിൽ വീട് വച്ച് താമസിച്ചാൽ അവർക്ക് വീട്ടുനമ്പർ കൊടുക്കുന്നതിനും അതുമായി ബന്ധപ്പെട്ട് വൈദ്യുതി കണക്ഷനും വാട്ടർ കണക്ഷനും അപേക്ഷിക്കാൻ കഴിയുന്നില്ല. ഒരു രേഖകളും ലഭ്യമാകുന്നില്ല. അതിനാൽ ഈ പ്രശ്നത്തിൽ ഗവൺമെന്റ് ഉത്തരവ് നൽകി ഇടുക്കിയിൽ സ്വാഭാവികമായും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടിന് പരിഹാരമുണ്ടാക്കിത്തരണമെന്നാണ് സബ്മിഷൻ.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, ഇടുക്കി ജില്ലയിൽ ഉടമസ്ഥാവകാശമില്ലാത്ത ഭൂമിയിൽ വീട് വച്ച് താമസിക്കുന്നവർക്ക് കെട്ടിടം അനധികൃതമാണോ അല്ലയോ എന്ന് പരിശോധിക്കാതെ തന്നെ 100 ചതുരശ്രമീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് 4.8.2012-ലെ ജി.ഒ.(എം.എസ്.) നമ്പർ

211/2012 പ്രകാരം താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകി വരുന്നു. വർഷങ്ങളായി കൈവശത്തിലുള്ളതും എന്നാൽ പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ ഉടമ മരണമടയുന്ന സാഹചര്യത്തിൽ പ്രസ്തുത കെട്ടിടത്തിന്റെ മാത്രം ഉടമസ്ഥാവകാശം അർഹരായ അവകാശികൾക്ക് മാറ്റി നൽകുന്ന വിഷയം പരിശോധിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

## പുതുക്കാട് ആർ.ഒ.ബി.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, പുതുക്കാട് മണ്ഡലത്തിലെ ജനങ്ങളുടെ ദീർഘകാലത്തെ ആവശ്യമാണ് പുതുക്കാട് റെയിൽവേ മേൽപ്പാലം. തെക്കുനിന്നും വരുന്ന എല്ലാ ട്രെയിനുകളും ഇതുവഴിയാണ് കടന്നുപോകുന്നത്. അതിനാൽ മിക്കവാറും റെയിൽഗേറ്റ് അടഞ്ഞുകിടക്കുന്നതുകൊണ്ട് വളരെയേറെ സമയം മോട്ടോർ വാഹനങ്ങളും യാത്രാക്കാരും കാത്തുനിൽക്കേണ്ടുന്ന ഒരു സ്ഥിതിയുണ്ട്. എന്നാലിവിടെ ഇതുവരെ ഒരു റെയിൽവേ മേൽപ്പാലമെന്ന ആശയം സാർത്ഥകമായിട്ടില്ല. അതിനാൽ മണ്ഡലത്തിൽ ഏറെ പ്രാധാന്യമുള്ളതും എല്ലാ ജനങ്ങളുടെയും ആവശ്യമായ പുതുക്കാട് റെയിൽവേ മേൽപ്പാലത്തിന് വേണ്ട തുക അനുവദിച്ച് നിർമ്മാണപ്രവർത്തനം ആരംഭിക്കണമെന്ന് വിനീതമായി

അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പുതുക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം റെയിൽവേയുടെ 2005-06 വർഷത്തെ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇതിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ ആകെ 35 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. നിർമ്മാണച്ചെലവിന്റെ 50 ശതമാനം റെയിൽവെ വഹിക്കുന്നതാണ്. ബാക്കി 50 ശതമാനവും ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവും സംസ്ഥാന സർക്കാർ വഹിക്കണം. റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണം വായ്പയെടുത്താണ് RBDCK നിർവ്വഹിക്കുന്നത്. ടോൾപിരിവിലൂടെ ലഭ്യമാകുന്ന തുക കൊണ്ട് വായ്പാ തിരിച്ചടവ് സാധ്യമാകുന്നില്ല. അതിനാൽ സർക്കാർ ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയാൽ മാത്രമേ ഇതിന്റെ നിർമ്മാണം സാധ്യമാകുകയുള്ളൂ. അടുത്ത വർഷം ഇതിനാവശ്യമായ തുക കണ്ടെത്തുന്ന കാര്യം പരിശോധിക്കും.

എൻ.എച്ച്. ബൈപ്പാസിന്റെ പണി പൂർത്തീകരിക്കൽ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, കഴിഞ്ഞ കാൽനൂറ്റാണ്ടായി സ്ഥലമെടുപ്പ് പൂർത്തീകരിച്ച് പണി പൂർത്തിയാകാതെ കിടക്കുന്ന റോഡായിരുന്ന

കുറ്റിപ്പുറം-പുതുപ്പൊന്നാനി എൻ.എച്ച് ബൈപ്പാസ്. ഈ റോഡിൽ കുറ്റിപ്പുറം തൊട്ട് ചമ്രവട്ടം ജംഗ്ഷൻ വരെ എൻ.എച്ച്.-ന്റെ ബൈപ്പാസാണെങ്കിലും സംസ്ഥാന സർക്കാരിന്റെ ഫണ്ടുപയോഗിച്ച് പ്രവൃത്തി നടത്താൻ നിശ്ചയിച്ചത് പ്രകാരം പണി നടന്നുവരികയാണ്. പക്ഷേ പൂർത്തീകരിക്കണമെങ്കിൽ രണ്ടാംഘട്ടം പ്രവൃത്തി എത്രയും വേഗം ആരംഭിക്കേണ്ടതുണ്ട്. ചമ്രവട്ടം ജംഗ്ഷൻ മുതൽ പുതുപൊന്നാനി വരെ നീളുന്ന രണ്ടാം റീച്ചിൽ പള്ളപ്പുറം പ്രദേശത്ത് ഒരു പാലവും ആവശ്യമുണ്ട്. ഈ റോഡ് പൂർത്തീകരിക്കുന്നതോടുകൂടി കുറ്റിപ്പുറം-പുതുപൊന്നാനി എൻ.എച്ച്. ബൈപ്പാസിന്റെ രണ്ടാം റീച്ചിന്റെ പണി പൂർത്തീകരിക്കപ്പെടും. തീരദേശത്തോടുകൂടിയുള്ള കൊച്ചി-കോഴിക്കോട് യാത്ര ഏറ്റവും സുഗമമായ പാതയായി മാറുന്ന സാഹചര്യം വരും. ചമ്രവട്ടം പാലത്തിന്റെ പണികൂടി പൂർത്തീകരിച്ചതോടുകൂടി പ്രധാനപ്പെട്ട റോഡായി മാറിയിരിക്കുകയാണ്. അതിന്റെ രണ്ടാം റീച്ചിന്റെ പണി എത്രയും വേഗം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയാണ്. (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്)

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>) : സർ, എൻ.എച്ച്-66, പഴയ എൻ.എച്ച്- 17-ൽ ഉൾപ്പെടുന്ന കുറ്റിപ്പുറം മുതൽ പുതുപൊന്നാനി വരെ രണ്ടുവരി പാത നിർമ്മാണത്തിനായി 30 മീറ്റർ വീതിയിൽ സ്ഥലം

ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ കുറ്റിപ്പുറം മുതൽ ചമ്രവട്ടം വരെയുള്ള 11.41 കി.മീ ദൂരം അമ്പത്തിനാല് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷം രൂപ ചെലവിൽ സംസ്ഥാന സർക്കാരിന്റെ ഫണ്ടുപയോഗിച്ച് പണി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ബാക്കിയുള്ള ചമ്രവട്ടം മുതൽ പുതുപൊന്നാനി പാലം അപ്രോച്ച് വരെയുള്ള ഭാഗത്ത് ചമ്രവട്ടം മുതൽ പള്ളിപ്പുറം പി.സി. കനാൽ വരെ 2.175 കി.മീ ദൂരം വരെയുള്ള പണി നേരത്തെ തന്നെ കേന്ദ്ര ഫണ്ടുപയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളത് 40.62 കോടി രൂപയുടെ ഭരണാനുമതി കേന്ദ്രസർക്കാരിൽ നിന്ന് 18.03.2014-ൽ ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തി ഇ.പി.സി. മോഡലിലാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. ടെണ്ടറിന്റെ കരട് കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രാനുമതി കിട്ടിയാൽ ഉടൻതന്നെ അതിന്റെ പണി ആരംഭിക്കുന്നതാണ്.

## വെറ്ററിനറി കോളേജ്

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ചേലക്കരയിൽ ഒരു വെറ്ററിനറി കോളേജ് സ്ഥാപിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് വെറ്ററിനറി കോളേജുകളുടെ എണ്ണം വളരെ പരിമിതമാണ്. ഇപ്പോൾ കുട്ടികൾ പഠിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളെയാണ് ആശ്രയിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് മൃഗസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ഉറപ്പുവരുത്താനും

മൃഗസമ്പത്ത് വർദ്ധിപ്പിക്കാനും വെറ്ററിനറി സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. വെറ്ററിനറി ഡോക്ടർമാരുടെയും ഗവേഷകരുടെയും ദൗർലഭ്യം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം. സർക്കാർ സ്വാശ്രയ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും ധാരാളം ആരംഭിക്കുന്നുണ്ട്. എന്നാൽ ഇതുവരെ വെറ്ററിനറി കോളേജ് ആരംഭിച്ചിട്ടില്ലാ യെന്നുള്ളത് ഈ രംഗത്തെ പരിമിതിയെയാണ് ചൂണ്ടിക്കാണിക്കുന്നത്. ഇത് പരിഹരിക്കാൻ വേണ്ടിയാണ് ചേലക്കരയിൽ ഒരു വെറ്ററിനറി കോളേജ് ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നത്. ചേലക്കര മണ്ഡലത്തിൽ കൃഷി ഫാമിന്റെയും സീഡ് ഫാമിന്റെയും സ്ഥലം ധാരാളമായി കിടക്കുന്നുണ്ട്. ജില്ലാ കൃഷി ഫാമിന്റെ സ്ഥലത്ത് വെറ്ററിനറി കോളേജ് സ്ഥാപിക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളുമുണ്ട്. ഇക്കാര്യം മന്ത്രി നേരിട്ടുകണ്ട് മനസ്സിലാക്കിയതാണ്. തീർച്ചയായും അതെല്ലാം പരിഗണിച്ചുകൊണ്ട് ചേലക്കരയിൽ വെറ്ററിനറി കോളേജ് സ്ഥാപിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കേരളത്തിൽ വെറ്ററിനറി കോളേജുകളുടെ കുറവുമൂലം വെറ്ററിനറി രംഗത്ത് കൂടുതൽ പ്രവർത്തനം

നടത്താനുള്ള സാദ്ധ്യത കുറഞ്ഞുവരുകയാണ്. അതുകൊണ്ട് കൂടുതൽ വെറ്ററിനറി കോളേജുകൾ തുടങ്ങണമെന്നാണ് സർക്കാരിന്റെ നയം. ചേലക്കരയിൽ അനുയോജ്യമായ സ്ഥലത്ത് വെറ്ററിനറി കോളേജ് ആരംഭിക്കാനുള്ള നടപടികൾ സജീവമായിട്ടുണ്ട്. ചേലക്കരയോടൊപ്പം ഹരിപ്പാടും കൂത്തുപറമ്പിലും അനുയോജ്യമായ സ്ഥലം കണ്ടെത്തി വെറ്ററിനറി കോളേജുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുസംബന്ധിച്ച് അനുകൂലമായ പ്രതികരണം കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. കോളേജുകൾ ആരംഭിക്കുവാനുള്ള നിർദ്ദേശങ്ങൾ KVASU താമസിയാതെ തന്നെ സർക്കാരിന് ലഭ്യമാക്കുന്നതും ഉടൻതന്നെ മറ്റ് നടപടികൾ പൂർത്തീകരിച്ച് ആരംഭിക്കുന്നതുമാണ്.

<u>റെസ്പോൺസ് ഫണ്ടിലെ നഷ്ടപരിഹാരത്തുക</u>

<u>ശ്രീ. ഇ. പി. ജയരാജൻ</u> : സർ, പ്രകൃതിക്ഷോഭം മൂലം സംസ്ഥാനത്ത് വർഷംതോറും കോടിക്കണക്കിന് രൂപയുടെ കാർഷിക വിളകളാണ് നശിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ മഹാഭൂരിപക്ഷം ദുരിതങ്ങളും അനുഭവിക്കേണ്ടി വരുന്നത് നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ട കൃഷിക്കാരാണ്. കാർഷിക വിളകൾ നശിക്കുന്ന കർഷകർക്ക് മതിയായ നഷ്ടപരിഹാരം ലഭ്യമാകുന്നില്ലായെന്നുള്ളതാണ്

പ്രശ്നം. സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നാണ് കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നത്. ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന നഷ്ടപരിഹാരത്തുക വളരെ അപര്യാപ്തമാണ്. ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന തുക 2012 ഏപ്രിൽ മാസത്തിൽ പുനർനിർണ്ണയിച്ചിട്ടുള്ളതാണ്. കാലോചിതമായിട്ടുള്ള മാറ്റങ്ങളൊന്നും അതിലുണ്ടായിട്ടില്ല. അതുകൊണ്ട് തുച്ഛമായിട്ടുള്ള തുകയാണ് കൃഷിക്കാർക്ക് നാശനഷ്ടം മൂലം കൃഷി നഷ്ടപ്പെടുമ്പോൾ ലഭിക്കുന്നത്. ഒരു ഹെക്ടർ സ്ഥലത്തെ നെൽകൃഷി നശിച്ചാൽ കർഷകർക്ക് ലഭിക്കുന്നത് ഒരു ലക്ഷം രൂപയാണ്. ഒരു ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചാൽ കൃഷി ഡിപ്പാർട്ടുമെന്റ് കൊടുക്കുന്നത് പതിനായിരം രൂപയാണ്. മറ്റൊന്ന് കായ്ഫലമുള്ള തെങ്ങ് കാലവർഷക്കെടുതിയിൽ നഷ്ടപ്പെട്ടുപോയാൽ ഒരു തെങ്ങിന് 700 രൂപയാണ് കൃഷിക്കാരന് നൽകുന്നത്. റബ്ബർ മരം നശിച്ചാൽ വെറും മൂന്നൂറ് രൂപയാണ് നൽകുന്നത്. രണ്ട് കി.ഗ്രാം റബ്ബറിന്റെ വില മാത്രമാണ് ഒരു റബ്ബർമരം നഷ്ടപ്പെട്ടുപോയാൽ റബ്ബർ കൃഷിക്കാരന് നൽകുന്നത്. അടയ്ക്കാമരം നശിച്ചാൽ നൽകുന്നത് 150 രൂപയാണ്. 25 സെന്റിലെ മരിച്ചീനി കൃഷി നശിച്ചവർക്ക് നൽകുന്നത് വെറും 150 രൂപയാണ്. ഒരു കി.ഗ്രാം മരിച്ചീനിക്ക് 30 രൂപയിൽ കൂടുതൽ വിലയുണ്ട്. അപ്പോഴാണ് മരിച്ചീനി കൃഷിക്കാർക്ക് തുച്ഛമായ തുക ഗവൺമെന്റ് നഷ്ടപരിഹാരമായി നൽകുന്നത്. ഒരു

സെന്റിലെ പച്ചക്കറി കൃഷി നശിച്ചുപോയാൽ കൃഷി വകുപ്പ് നൽകുന്നത് വെറും 20 രൂപയാണ്. ഒരു ഹെക്ടറിലെ ഏലം കൃഷി നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരമായി നൽകുന്നത് 2,500 രൂപയാണ്. കുരുമുളക് നശിച്ചാൽ, 1 കുരുമുളക് വള്ളിക്ക് 75 രൂപയാണ് നൽകുന്നത്. പ്രകൃതിക്ഷോഭത്തിൽ എല്ലാം നഷ്ടപ്പെട്ട് കടക്കെണിയിലായിരിക്കുന്ന കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടിയുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. ഇപ്പോൾ നഷ്ടപരിഹാരം നൽകുന്നത് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നാണ്. അതിൽ നൽകിക്കൊണ്ടിരിക്കുന്ന ഫണ്ടിന്റെ തുക വർദ്ധിപ്പിക്കണം. കാർഷികോത്പാദന രംഗത്ത് കൃഷിക്കാരുടെ മനോവീര്യം വീണ്ടെടുക്കണം. കൃഷിക്കാർക്ക് ഉത്പാദന രംഗത്ത് താൽപ്പര്യം ഉണ്ടാക്കികൊടുക്കണം. അവർക്ക് കാർഷിക വിളകൾ നഷ്ടപ്പെട്ടുപോയാൽ ലഭിക്കുന്ന തുകയും ന്യായമായ വില ലഭിക്കുന്നുണ്ടെങ്കിൽ മാത്രമേ കർഷകരെ ഈ രംഗത്തേയ്ക്ക് ആകർഷിക്കാൻ സാധിക്കുകയുള്ളൂ. കേരളത്തിന്റെ സമ്പത്താണ് കാർഷിക മേഖല. ഇത് മനസ്സിലാക്കി, കൃഷി വകുപ്പുമന്ത്രി അങ്ങയുടെ മണ്ഡലത്തിലും തൊട്ടടുത്തുകിടക്കുന്ന മണ്ഡലത്തിലുമെല്ലാം ഇക്കാര്യങ്ങളെക്കുറിച്ച് പ്രത്യേക ശ്രദ്ധ പതിപ്പിച്ച് ആവശ്യമായ സംരക്ഷണം നൽകാൻ മുന്നോട്ട് വരണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് എസ്.ഡി.ആർ.എഫ്.ൽ നിന്ന് ഓരോ വിളകൾക്കും നൽകി വരുന്ന നഷ്ടപരിഹാര തുകകളുടെ തോത് 11.06.2012-ലെ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എസ്.ഡി.ആർ.എഫ്., എൻ.ഡി.ആർ.എഫ്. എന്നിവയിൽ നിന്നും നൽകുന്ന ധനസഹായത്തിന്റെ മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ പുതുക്കിയതിനെ തുടർന്ന് 12.09.2012-ലെ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാരും പ്രസ്തുത മാനദണ്ഡങ്ങൾ പുതുക്കിയിരുന്നു. എന്നാൽ നഷ്ടപരിഹാര തുക നിശ്ചയിച്ചിരുന്ന വിളകളെ ഈ ഉത്തരവിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിരുന്നു. എസ്.ഡി.ആർ.എഫ്.- എൻ.ഡി.ആർ.എഫ് -ൽ നിന്നും നൽകുന്ന സഹായത്തിന്റെ മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ ഈയിടെ വീണ്ടും പുതുക്കിയിരുന്നു. എന്നാൽ അതനുസരിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച 24.01.2014-ലെ ഉത്തരവ് പ്രകാരം നഷ്ടപരിഹാരത്തുക നിശ്ചയിച്ചിട്ടുള്ള വിളകളെ ഒഴിവാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ എസ്.ഡി.ആർ.എഫ്.-ൽ നിന്നും ഓരോ വിളകൾക്കും ലഭിക്കുന്ന നഷ്ടപരിഹാര ത്തുകയിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ഇതോടൊപ്പം ചേർക്കുന്നു. (മേശപ്പുറത്ത് വച്ചു) 24.01.2014-ലെ ഉത്തരവ് പ്രകാരം നഷ്ടപരിഹാരത്തുകയുടെ

തോത് കുറവായതിനാൽ ഇക്കാര്യം പരിഹരിക്കാനുള്ള പ്രൊപ്പോസൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേതൃത്വം കൊടുത്തുകൊണ്ട് അവ പരിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുൻകൈ എടുത്തുകൊണ്ട് ചിങ്ങം-1 മുതൽ കാർഷിക വിളകൾക്ക് പുതിയ ക്രോപ്പ് ഇൻഷ്വറൻസ് നൽകുകയാണ്. എല്ലാ വിളകൾക്കും ഇഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്താനുള്ള നടപടികൾ പൂർണ്ണമായാൽ നമുക്ക് ഇതിൽ നിന്നും കൂടുതൽ തുക ലഭിക്കാനുള്ള നടപടി ഉണ്ടാകും.

**ബസ്സപകടം**

ശ്രീ. കെ. എൻ. എ. ഖാദർ: സർ, എന്റെ നിയോജക മണ്ഡലമായ വള്ളിക്കുന്നിലെ അരിയല്ലൂർ എന്ന സ്ഥലത്ത് ഗവൺമെന്റ് യു.പി. സ്കൂളിനുമുമ്പിൽ വച്ച് ഇന്ന് രാവിലെ പത്ത് മണിക്ക് ഒരു ബസ്സപകടം ഉണ്ടായി. ആ ബസ്സപകടത്തിൽ രണ്ടുപേർ മരിച്ചിട്ടുണ്ട്. കൂടുതൽ മരണമുണ്ടാകാൻ സാദ്ധ്യതയുണ്ടെന്നാണ് മനസ്സിലായത്. ഇരുപത്തിരണ്ട് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിക്കേറ്റിട്ടുണ്ട്. അപകടം കണ്ടുനിന്ന കോൺഗ്രസ്സിന്റെ മണ്ഡലം പ്രസിഡന്റായിരുന്ന സത്യാനന്ദൻ ഹൃദയസ്തംഭനം മൂലം അവിടെ കുഴഞ്ഞുവീണ് മരിക്കുകയും ചെയ്തിട്ടുണ്ട്. ഈ അപകടത്തിന്റെ നിജസ്ഥിതി അന്വേഷിച്ച് ആവശ്യമായ സഹായസഹകരണങ്ങൾ

ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ചെയ്തു തരണമെന്നപേക്ഷിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ദൗർഭാഗ്യകരമായ ഒരു സംഭവമാണ് ഇന്നുരാവിലെ 9.10-ന് മലപ്പുറം പരപ്പനങ്ങാടി പോലീസ് സ്റ്റേഷൻ പരിസരത്തുള്ള വള്ളിക്കുന്ന് എന്ന സ്ഥലത്ത്, ചാലിയത്ത് നിന്ന് പരപ്പനങ്ങാടിയിലേക്ക് പോകുകയായിരുന്ന അൽ-അമീൻ എന്ന പ്രൈവറ്റ് ബസ് ആക്സിൽ ഒടിഞ്ഞ് നിയന്ത്രണംവിട്ട് മറിഞ്ഞതിൽ ബസ്സിലെ യാത്രക്കാരായ രണ്ട് സ്ത്രീകൾ മരണപ്പെട്ടു. 18 യാത്രക്കാർക്ക് പരിക്കേറ്റു. രണ്ടുപേരുടെ നില ഗുരുതരമാണ്. അപകടം കണ്ടുനിന്ന സത്യാനന്ദൻ എന്ന വള്ളിക്കുന്ന് മണ്ഡലം പ്രസിഡന്റ് കുഴഞ്ഞുവീണ് തൽസ്ഥലത്തുതന്നെ മരിച്ചു. പരിക്കേറ്റവരെ കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്കും പരപ്പനങ്ങാടി എ.കെ.ജി. ആശുപത്രിയിലേയ്ക്കും കൊണ്ടുപോയതായി അറിയുന്നു. മലപ്പുറം എസ്.പി.യോടും ഉന്നത പോലീസുദ്യോഗസ്ഥന്മാരോടും പ്രസ്തുത സ്ഥലം സന്ദർശിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപോലെ വൈദ്യ പരിശോധനകൾക്കും മറ്റ് സഹായങ്ങൾക്കും വേണ്ടിയുള്ള നടപടികളും ഗവൺമെന്റ് കൈക്കൊണ്ടുവരികയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

(<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇതിനെക്കുറിച്ച് സംസാരിച്ചുകഴിഞ്ഞു. കാര്യങ്ങൾ അന്വേഷിക്കുന്നതിനും മറ്റ് നടപടികൾ എടുക്കുന്നതിനുമായി ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡിപ്പാർട്ടുമെന്റലായി ചെയ്യാൻ കഴിയുന്ന എല്ലാ സഹായങ്ങളും ചെയ്യുന്നതാണ്.